Downloaded from https:// www.studiestoday.com

# കേരളപാഠാവലി

## മലയാളം

## ഭാഗം – 1

## സ്റ്റാന്റേർഡ് – 3

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്
2016

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.

**കേരളപാഠാവലി**

**3**

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram - 695 012, Kerala.
*Website* www.scert.kerala.gov.in *e-mail* scertkerala@gmail.com

*Typeset and design by* SCERT Computer Lab
First Edition: 2014, Reprint : 2016

© Government of Kerala • Department of Education

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയപ്പെട്ട കൂട്ടുകാരേ,

മലയാളത്തിന്റെ മധുരം നുകരാം.
കളിച്ചും രസിച്ചും പഠിക്കാം.

കഥപറഞ്ഞും പാട്ടുപാടിയും രസിക്കാം.
നമുക്കു ചുറ്റുമുള്ള ലോകത്തെക്കുറിച്ച് അറിയാം.
ഭാവനയുടെ ചിറകിലേറിപ്പറക്കാം.

വായിച്ചും എഴുതിയും അറിവിന്റെ ലോകത്ത്
സ്ഥാനമുറപ്പിക്കാം.

കൂട്ടുകൂടാൻ
സ്നേഹം പകരാൻ
പഠനം സഹായിക്കട്ടെ.

സ്നേഹാശംസകളോടെ,

**ഡോ. പി. എ. ഫാത്തിമ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**മടവൂർ ശശി**
ദിവ്യദീപ്, കരമന

**സജേഷ് കെ.വി.**
ജി.എൽ.പി.എസ്. മാളിക

**അബ്ദുൽ നാസിർ**
ഡയറ്റ്, തൃശൂർ

**രാജേഷ് എസ്. വള്ളിക്കോട്**
ജി.എൽ.പി.എസ്. കൊടുന്തറ, പത്തനംതിട്ട

**ഡോ. ടി.കെ. അബ്ബാസ് അലി**
ഡയറ്റ് വയനാട്

**പുഷ്പകുമാരി**
ജി.ഡബ്യൂ.എൽ.പി.എസ്. കണ്ടഞ്ചിറ
ഡാലി പോസ്റ്റ്, കുളത്തൂപ്പുഴ

**അനിത ഹരി**
ജി.യു.പി.എസ്. രാമപുരം, നെടുമങ്ങാട്

**സുജാത**
ഡയറ്റ് വയനാട്

**ബിജുകുമാർ**
ജി.എച്ച്.എസ്.എസ്. കിഴക്കഞ്ചേരി
പാലക്കാട്

**സജീവ്കുമാർ പി.**
ബി.ആർ.സി. മണ്ണാർക്കാട്

**രമേശ് കാവിൽ**
ജി.എച്ച്.എസ്. ആഴ്ചവട്ടം

## ചിത്രകാരന്മാർ

**രമേശൻ പി.** ഇരിങ്ങണ്ണൂർ എച്ച്.എസ്.എസ്. കോഴിക്കോട്
**ജനു മഞ്ചേരി, സന്തോഷ് വെളിയന്നൂർ**
**രാജീവ് എൻ.ടി.** ജി.എച്ച്.എസ്.എസ്. തരിയോട്
**രാമദാസ് വടകര, ഷാജി മാത്യു മലയാലപ്പുഴ**

## വിദഗ്ധപരിശോധന

**ഡോ. പി. സോമനാഥൻ**, കോഴിക്കോട് സർവകലാശാല
**പ്രൊഫ. പി. നാരായണമേനോൻ**, നന്ദനം, അരിയന്നൂർ
**ഡോ. വിജയൻ ചാലോട്**, എസ്.എസ്.എ. കണ്ണൂർ
**കെ.എം. ഉണ്ണികൃഷ്ണൻ**, ഡയറ്റ് കണ്ണൂർ

## അക്കാദമിക് കോഡിനേറ്റർ

**ഡോ. പി.കെ. തിലക്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ഉള്ളടക്കം


| | | |
|---|---|---|
| 1. | അമ്മയോടൊപ്പം | 07 |
| 2. | മാനത്തിന്റെ മടിത്തട്ടിൽ | 21 |
| 3. | എല്ലുമുറിയെ പണിചെയ്താൽ | 35 |
| 4. | നിറമുള്ള നന്മകൾ | 45 |
| 5. | വഴിവിളക്ക് | 59 |


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

1

# അമ്മയോടൊപ്പം





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# കണ്ണന്റെ അമ്മ

കണ്ടോ കണ്ണനെ? കണ്ണും ചുവന്നമ്മ
കാട്ടിൽ തേടി നടക്കുന്നു;
'കണ്ടില്ലാ ഞങ്ങൾ കണ്ടില്ലാ' കരി-
വണ്ടും തുമ്പിയും മൂളുന്നു.
'കണ്ടില്ലാ ഞങ്ങൾ കണ്ടില്ലാ' മലർ-
ച്ചെണ്ടുകൾ മിണ്ടാതെ നിൽക്കുന്നു.
കണ്ടിട്ടേയില്ല ഞാനെന്നു പേടമാൻ
കണ്ണും നീട്ടിത്തിരിയുന്നു.
കണ്ണനിക്കാട്ടിലേ വന്നില്ലാ! കൊച്ചു
കാളിന്ദിയോളങ്ങൾ തുള്ളുന്നു.
കഴലു കഴച്ചു വലഞ്ഞപ്പോളമ്മ
തിരിയെപ്പോവാൻ തുടങ്ങുന്നു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കാടിൻ നീലിച്ച ഹൃത്തിൽനിന്നപ്പോളൊ-
രോടക്കുഴൽവിളി പൊങ്ങുന്നു!
കമ്പു കരംവിട്ടു വീഴുന്നു; മുഖം
പുഞ്ചിരികൊണ്ടു തിളങ്ങുന്നു!
കണ്ണുംപൂട്ടി നിന്നമ്മ തൻ കുഞ്ഞിന്റെ
പൊന്നോടക്കുഴൽ കേൾക്കുന്നു!...

– സുഗതകുമാരി



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## കണ്ടെത്താം പറയാം

- അമ്മ കണ്ണനെ അന്വേഷിച്ചത് ആരോടെല്ലാമാണ്? അവരുടെ മറുപടിയായി വരുന്ന വരികൾ ഏവ?
- അമ്മ കണ്ണുംപൂട്ടി നിൽക്കാൻ കാരണമെന്തായിരിക്കാം?

## കണ്ണന്റെ കുസൃതികൾ





കാട്ടിൽ ഒളിച്ചുനടക്കുന്നത് കണ്ണന്റെ കുസൃതിയാണ്. ഇതുപോലെ കണ്ണന്റെ മറ്റു കുസൃതികൾ കൂട്ടിച്ചേർക്കുക.

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ചിത്രവായന

കവിതയിലെ ആരെല്ലാം ഈ ചിത്രത്തിലുണ്ട്?



JT 119-3 Malayalam-3 VOL-1



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ഊഹിച്ചെഴുതാം

- കണ്ണൻ അമ്മയെ ഒളിച്ചു നടക്കുന്നത് എന്തുകൊണ്ടാവാം?

## വരികൾ കണ്ടെത്തുക

- അമ്മയുടെ വിഷമം അലിഞ്ഞുപോയി എന്ന ആശയം സൂചിപ്പിക്കുന്ന വരികൾ എഴുതുക.
- അമ്മയ്ക്ക് കോപം വന്നു എന്നു സൂചിപ്പിക്കുന്ന വരികൾ ഏതെല്ലാം?

## ഇഷ്ടപ്പെട്ട വരികൾ


- ഈ കവിതയിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട വരികൾ ഏതെല്ലാമാണ്? ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്?

## താളത്തിൽ ചൊല്ലാം

- 'കണ്ണന്റെ അമ്മ' എന്ന കവിതയ്ക്ക് ഉചിതമായ താളം കണ്ടെത്തി ചൊല്ലുക.

## ഭാവങ്ങൾ എന്തെല്ലാം

'കണ്ണും ചുവന്നമ്മ', 'കണ്ണുംപൂട്ടി നിന്നമ്മ'– ഏതൊക്കെ ഭാവങ്ങളാണ് ഈ വാക്കുകളിൽ തെളിയുന്നത്?





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ചൊല്ലിരസിക്കാം

- കണ്ടോ കണ്ണനെ നിങ്ങളാരാൻ; അമ്മ
  കമ്പു കരത്തിലെടുക്കുന്നു.
  കണ്ടില്ലാ ഞങ്ങൾ കാലിക്കിടാവുക-
  ളെന്തോ മണ്ടിയൊളിക്കുന്നു

- "രാവായിപ്പോയാലിക്കാലി കറപ്പതി-
  നാവതല്ലെന്നതു തേറണം നീ.
  കാലികറന്നങ്ങു പോയിട്ടുവേണം നീ
  കോലക്കുഴൽ വിളിയെൻമകനേ!"

## മാറ്റിച്ചൊല്ലാം

അടിവരയിട്ട വാക്കുകൾക്ക് പകരം വാക്കുകൾ തിരഞ്ഞെടുത്ത് വരികൾ മാറ്റിച്ചൊല്ലുക.

ഉദാ:

കണ്ണുംപൂട്ടി നിന്നമ്മ തൻ കുഞ്ഞിന്റെ
പൊന്നോടക്കുഴൽ കേൾക്കുന്നു.

മിഴിയുംപൂട്ടി നിന്നമ്മ തൻ കുഞ്ഞിന്റെ
പൊന്നോടക്കുഴൽ കേൾക്കുന്നു.

- കണ്ടില്ലാ ഞങ്ങൾ കണ്ടില്ലാ മലർ-
  ച്ചെണ്ടുകൾ മിണ്ടാതെ നിൽക്കുന്നു.
- കഴലു കഴച്ചു വലഞ്ഞപ്പോളമ്മ
  തിരിയെപ്പോവാൻ തുടങ്ങുന്നു

(കാല്, പൂച്ചെണ്ടുകൾ)



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## എന്റെ പദശേഖരത്തിലേക്ക്

കവിതയിൽ കണ്ടെത്തിയ പുതിയ പദങ്ങൾ ശേഖരിക്കാം.

കഴല് - കാല്

കമ്പ് - വടി

.......... - 

.......... - 

.......... - 

## മാറ്റിയെഴുതാം

കണ്ടോ കണ്ണനെ - കണ്ണനെ കണ്ടോ

കണ്ടില്ലാ ഞങ്ങൾ - ..................................

കണ്ണുംപൂട്ടി നിന്നമ്മ - ..................................

വലഞ്ഞപ്പോളമ്മ - ..................................

## കുട്ടിക്കാലം കുസൃതിക്കാലം

- കളിയുമായി ബന്ധപ്പെട്ട് നിങ്ങളുടെ ജീവിതത്തിലുണ്ടായ രസകരമായ ഒരു സംഭവം എഴുതുക.

## കഥാരൂപത്തിൽ എഴുതാം

ഈ കവിതയിലെ സംഭവങ്ങൾ കഥയുടെ രൂപത്തിൽ അവതരിപ്പിക്കുക. അവതരിപ്പിച്ച കഥ എഴുതുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഒറ്റപ്പദമാക്കാം

- കാളിന്ദിയിലെ ഓളങ്ങൾ
- മലരിന്റെ ചെണ്ടുകൾ



## ഞാൻ കഥയെഴുതിയപ്പോൾ

| | |
|---|---|
| കവിത കഥയാക്കി എഴുതി. | ✓ |
| കവിതയിലെ എല്ലാ സംഭവങ്ങളും ഉൾപ്പെടുത്തി. | |
| കണ്ണനെയും അമ്മയെയും കുറിച്ച് നന്നായി എഴുതി | |
| കഥയുടെ തുടക്കവും ഒടുക്കവും നന്നായി. | |
| കഥയ്ക്ക് പേരു നൽകി. | |
| കഥ കൂട്ടുകാർക്ക് ഇഷ്ടപ്പെട്ടു. | |
| തെറ്റുകൂടാതെ എഴുതി | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# പൂമൊട്ട്

അൽബേനിയയിലെ ഒരു സാധാരണ കുടുംബത്തിലെ കുട്ടിയായിരുന്നു ആഗ്നസ്.

നല്ല ഭംഗിയുള്ള കൊച്ചു മിടുക്കി. ഹോംഗ്സ് എന്നായിരുന്നു അവളുടെ വിളിപ്പേര്. പൂമൊട്ട് എന്ന് അർത്ഥം.

അവളുടെ മൂത്ത സഹോദരൻ ലാസർ. ഏജ് എന്നായിരുന്നു ചേച്ചിയുടെ പേര്.

ലാസർ മധുരക്കൊതിയനായിരുന്നു. കേക്കും ജാമും ചോക്ലേറ്റുമായിരുന്നു അവന്റെ ഇഷ്ടഭക്ഷണം. അമ്മ വീട്ടിലില്ലാത്ത തക്കം നോക്കി ലാസറും ഏജും മധുരപലഹാരങ്ങൾ എടുത്തു തിന്നുമായിരുന്നു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

എന്നാൽ ഇളയവളായ ഹോംഗ്സ്
അവരുടെ കൂട്ടത്തിൽ ചേർന്നില്ല.


അമ്മയറിയാതെ ആഹാരം എടുത്തു
കഴിക്കുന്നതു ശരിയല്ല എന്നതായിരുന്നു
അവളുടെ പക്ഷം.

"ആരും കാണുന്നില്ലെന്നു കരുതി
ഒരിക്കലും തെറ്റു ചെയ്യരുത്."
അമ്മയുടെ ഈ വാക്കുകൾ അവളുടെ
കാതിൽ മുഴങ്ങി.

ഒരു ദിവസം സഹപാഠികളെയും ചില
അധ്യാപകരെയും കളിയാക്കി
ചിരിക്കുകയായിരുന്നു ചേട്ടനും ചേച്ചിയും.
ഹോംഗ്സും അതിൽ കൂട്ടുചേർന്നു.
അടുത്ത മുറിയിലിരുന്ന് തുണിയിൽ ചിത്ര
ങ്ങൾ തുന്നിപ്പിടിപ്പിക്കുകയായിരുന്ന അമ്മ
അത് ശ്രദ്ധിച്ചു. പെട്ടെന്ന് വെളിച്ചം അണ
ഞ്ഞു. മുറിയിലാകെ ഇരുട്ടു പരന്നു. കുട്ടി
കൾ പരിഭ്രാന്തരായി. അവർ പുറത്തിറങ്ങി
നോക്കി.

തൊട്ടടുത്ത വീടുകളിലും തെരുവിലും നല്ല
വെളിച്ചം. കുട്ടികൾ അമ്മയുടെ മുറിയിൽ
ഓടിയെത്തി.

അവിടെയും വെളിച്ചമുണ്ട്.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

അമ്മ ശാന്തമായി, ശ്രദ്ധാപൂർവം ജോലിചെയ്യുകയാണ്.

"അമ്മേ, ഞങ്ങളുടെ മുറിയിൽ മാത്രം വെളിച്ചമില്ല."
ഹോംഗ്സ് പരാതിപ്പെട്ടു.

"ഉണ്ടാവില്ല, നിങ്ങളുടെ മുറിയിൽ എന്തിനാണ് വെളിച്ചം?"

കുട്ടികൾക്ക് ഒന്നും മനസ്സിലായില്ല. അമ്മ തുടർന്നു:

"നിങ്ങൾ അവിടെ വലിയ ജോലിയൊന്നും ചെയ്യുന്നില്ലല്ലോ? കൂട്ടുകാരെയും ഗുരുനാഥരെയും പരിഹസിക്കുകയല്ലേ? മറ്റുള്ളവരെക്കുറിച്ച് കുറ്റം പറയുന്നവർ എപ്പോഴും ഇരുട്ടിലായിരിക്കും."

കുട്ടികൾ പരസ്പരം നോക്കി. അവർക്ക് കാര്യം മനസ്സിലായി.

അമ്മ പറഞ്ഞുകൊടുത്ത നല്ല കാര്യങ്ങൾ കേട്ടു പഠിച്ച ഹോംഗ്സ് ആരാണെന്നറിയണ്ടേ? അഗതികളുടെ അമ്മ എന്ന് അറിയപ്പെട്ട 'മദർ തെരേസ'.



## വായിക്കാം കണ്ടെത്താം

- പാഠഭാഗം വായിച്ചല്ലോ. ഇതിലെ കഥാപാത്രങ്ങൾ ആരെല്ലാം?
- ഹോംഗ്സ് എന്ന വിളിപ്പേരിന്റെ അർഥമെന്താണ്?
- ലാസറും ഏജും മധുരക്കൊതിയരാണെന്ന് എങ്ങനെ മനസ്സിലാക്കാം?
- അമ്മ കുഞ്ഞുങ്ങളുടെ മുറിയിലെ വിളക്കണച്ചത് എന്തുകൊണ്ടാണ്?



Downloaded from https:// www.studiestoday.com


Downloaded from https:// www.studiestoday.com



"വീട്ടുപടിക്കൽ വന്ന ആരെയും അവർ നിരാശപ്പെടുത്തിയിരുന്നില്ല. അവർക്ക് ആഹാരവും വസ്ത്രവും അഭയവും നൽകാൻ അവർ മറന്നിരുന്നുമില്ല. ആ നന്മ കണ്ടാണ് ഞങ്ങൾ വളർന്നത്. അവർ അയൽവീട്ടുകാരെ സ്നേഹിക്കാൻ ഞങ്ങളെ പഠിപ്പിച്ചു. അതുവഴി ദൈവത്തെ അറിയാൻ ഞങ്ങൾക്കു സാധിച്ചു.
എനിക്ക് നല്ലവഴി കാണിച്ചുതന്ന അമ്മയെ ഞാൻ എപ്പോഴും ഓർക്കുന്നു."

നോബൽ സമ്മാനം സ്വീകരിച്ചുകൊണ്ട് മദർതെരേസ നടത്തിയ പ്രസംഗത്തിൽ അമ്മയെ ഓർക്കുന്ന ഭാഗമാണിത്. നിങ്ങൾക്ക് ആരെക്കുറിച്ചാണ് ഇതുപോലെ ഓർത്തുപറയാനുള്ളത്? കൂട്ടുകാരുമായി പങ്കുവയ്ക്കൂ.

## എന്തെല്ലാം നന്മകൾ




## ആശയം കണ്ടെത്താം

"മറ്റുള്ളവരെക്കുറിച്ച് കുറ്റം മാത്രം പറയുന്നവർ എപ്പോഴും ഇരുട്ടിലായിരിക്കും."

ഈ വാക്കുകളിലെ ആശയം കൂട്ടുകാരുമായി ചർച്ചചെയ്ത് എഴുതുക.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## കണ്ടെത്തുക

മദർ തെരേസയുടെ ജീവിതത്തിലെ കൂടുതൽ സംഭവങ്ങൾ അന്വേഷിച്ച് കണ്ടെത്തുക.



## എന്റെ പദശേഖരത്തിലേക്ക്

| | | |
|---|---|---|
| അഗതികൾ | - | പാവപ്പെട്ടവർ (ഗതിയില്ലാത്തവർ) |
| സഹപാഠി | - | |
| പരിഹസിക്കുക | - | |
| അയൽപക്കം | - | |
| ......................... | - | |



## ഞാൻ വായിച്ചപ്പോൾ

| | |
|---|---|
| വായിച്ച കാര്യങ്ങൾ എനിക്കു മനസ്സിലായി. | ☑ |
| ഉച്ചത്തിൽ ഒഴുക്കോടെ വായിച്ചു. | ☐ |
| ഞാൻ വായിച്ചത് കൂട്ടുകാർക്ക് മനസ്സിലായി. | ☐ |
| മൗനമായി വായിച്ച് ആശയം മനസ്സിലാക്കിയ ശേഷമാണ് ഞാൻ ഉച്ചത്തിൽ വായിച്ചത്. | ☐ |
| എന്റെ ഉച്ചാരണം നന്നായിരുന്നു. | ☐ |
| ആവശ്യമുള്ളിടത്ത് ശബ്ദവ്യത്യാസം വരുത്തി, നിർത്തേണ്ടിടത്ത് നിർത്തിയാണ് വായിച്ചത്. | ☐ |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

2

# മാനത്തിന്റെ മടിത്തട്ടിൽ



നിങ്ങൾക്ക് ഏതെല്ലാം കിളികളുടെ പേരറിയാം?

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# തുറന്നുവിട്ട തത്ത

ഞങ്ങളുടെ കിഴക്കേ പുരയിടത്തിലെ ഒരു കൊന്നത്തെങ്ങിൽ തത്ത കൂടൊരുക്കിയ വിവരം പിള്ളേരാരോ ആണ് വീട്ടിൽ വന്നു പറഞ്ഞത്. തത്തക്കൂടു കാണാൻ ഞങ്ങൾ കൂട്ടുകാർ എല്ലാവരുംകൂടി കൊന്നത്തെങ്ങിനെ ചുറ്റിപ്പറ്റി നടന്നു.

കൊന്നത്തെങ്ങിന്റെ ഇടതുഭാഗത്തൊരു തുള കണ്ടു. ഞങ്ങൾ തുളയിൽ കണ്ണുംനട്ട് കുറേനേരം നിന്നപ്പോൾ ചുണ്ടിലെന്തോ കൊത്തിപ്പിടിച്ചുകൊണ്ട് ഒരു തത്ത പറന്നുവന്നു. അത് തെങ്ങിൽ തത്തിപ്പൊത്തി ഇരുന്നു. പിന്നെ ചുറ്റുപാടും ഒന്നു തലതിരിച്ചു നോക്കി. ശീഘ്രം പുനത്തിനുള്ളിലേക്ക് ഇറങ്ങി അപ്രത്യക്ഷമായി. ആ പുനത്തിനുള്ളിൽ തത്തക്കുഞ്ഞ് കാണുമെന്ന് എല്ലാവരും ഉറപ്പിച്ചു. കുറച്ചു സമയം കഴിഞ്ഞപ്പോൾ തള്ളത്തത്ത പുറത്തേക്കു പറക്കുകയും ചെയ്തു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ഒരു തെങ്ങുകയറ്റക്കാരൻ കൊന്നത്തെങ്ങിൽ കേറി തത്തക്കൂട്ടിൽ കൈയിട്ടപ്പോൾ, ഒരു തത്തക്കുഞ്ഞ് അതിലിരിക്കുന്നു.

ഞാൻ ഒരു ഇരുമ്പുകൂടു വാങ്ങി തത്തക്കുഞ്ഞിനെ അതിലിട്ട് പഴവും ചോറും വെള്ളവുമെല്ലാം കൊടുത്തു. പഴം കൊത്തിത്തിന്ന് തത്ത കൂട്ടിൽ ചാടിച്ചാടി നടന്നു. കൂട്ടിൽ കിടന്നു തത്തക്കുഞ്ഞ് ചിറകടിച്ചു ബഹളംവച്ചു.

ഞാൻ കൊച്ചുതിണ്ണയിൽ പതുങ്ങിനിന്നു. കഴുത്തിൽ ചുവന്ന വരയുള്ള ഒരു തത്ത എരുത്തിലിന്റെ മുകളിലിരുന്ന് ചുറ്റും നോക്കി ഉറക്കെ കരഞ്ഞു. കൂടിന്റെ മുകളിലിരുന്ന് ഒരു തത്ത കൂടിന്റെ കമ്പിവിടവുകൾക്കിടയിലൂടെ ചുണ്ടു കയറ്റി കുഞ്ഞിന്റെ വായിലേക്ക് എന്തോ തിരുകി. എന്നിട്ട് അവ ഒന്നിച്ചു കരഞ്ഞുകൊണ്ട് പറന്നകന്നു. തത്തക്കുഞ്ഞിന്റെ അച്ഛനും അമ്മയും തീറ്റയുംകൊണ്ടു വന്നതാണെന്ന് അമ്മ എന്നോട് പറഞ്ഞു.

“നീ അതിനെ അങ്ങ് തുറന്നു വിട്ടേരെ” അമ്മ ഇടയ്ക്കിടെ പറയുന്നുണ്ടായിരുന്നു. എനിക്ക് തത്തക്കുഞ്ഞിനെ തുറന്നു വിടാൻ മനസ്സു വന്നില്ല. എനിക്കാ തത്തക്കുഞ്ഞിനെ അക്ഷരങ്ങളൊക്കെ പഠിപ്പിച്ച് മനുഷ്യരെപ്പോലെ സംസാരിപ്പിക്കാൻ മോഹമായിരുന്നു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ഞാൻ സ്കൂളിൽനിന്ന് വരുന്ന വഴി ഒരു കൂട്ടുകാരന്റെ വീട്ടീൽനിന്ന് കുറച്ച് പനയോല വാങ്ങിക്കൊണ്ടു വന്നു. എന്നിട്ടത് തത്തക്കൂട്ടിൽ ഇട്ടുകൊടുത്തു. പനയോല കടിച്ചുകടിച്ച് തത്തയുടെ നാക്കിന്റെ കനം കുറയുമ്പോൾ തത്ത നമ്മെപ്പോലെ സംസാരിക്കുമത്രേ! കുറച്ചകലെ ഒരു വീട്ടിൽ സംസാരിക്കുന്ന ഒരു തത്തയുണ്ടെന്ന് റഷീദണ്ണനാണ് എനിക്കു പറഞ്ഞുതന്നത്. അന്നുതൊട്ടേ ഞങ്ങളുടെ തത്തയെക്കൊണ്ടു സംസാരിപ്പിക്കണമെന്ന് എനിക്കു വലിയ കൊതിയായിരുന്നു. ഞാൻ ഓരോരോ കാര്യങ്ങൾ തത്തക്കൂട്ടിനരികിൽ ചെന്നിരുന്ന് അതിനെ പഠിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ, തത്ത ഒന്നും ഉരിയാടിയില്ല. പരുക്കൻ ശബ്ദത്തിൽ 'കീയോ കീയോ'ന്നു കരയുക മാത്രം ചെയ്തു. കൂടെക്കൂടെ തത്തക്കുഞ്ഞിന്റെ അച്ഛനും അമ്മയും കൂടിനു മുകളിൽ പറന്നിറങ്ങി തീറ്റ കൊടുത്തുപോന്നു.

ഒരു ദിവസം സ്കൂളിൽനിന്ന് വന്നപ്പോൾ തത്തക്കുഞ്ഞിനെ കൂട്ടിൽ കണ്ടില്ല. കൂട് തുറന്നു കിടക്കുന്നു! കൂട് കൊത്തിത്തുറന്ന് അച്ഛനും അമ്മയും തത്തക്കുഞ്ഞിനെ കൊണ്ടുപൊയ്ക്കളഞ്ഞുവെന്ന് അമ്മ പറഞ്ഞു.

എനിക്കതു കേട്ട് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. ഞാൻ നിന്നു ചിണുങ്ങി. അമ്മയതു ശ്രദ്ധിക്കാതെ അടുക്കളയിലേക്കു പോയി. തത്തയില്ലാതെ തത്തക്കൂട് എരുത്തിലിന്റെ ഉത്തരത്തിൽ കിടന്നാടി.



– സി. റഹിം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## പറയാം എഴുതാം

- കുട്ടിക്ക് തത്തയെക്കുറിച്ചുള്ള മോഹം എന്തായിരുന്നു?
- കൂട്ടിൽ കിടന്ന തത്തക്കുഞ്ഞ് ചിറകടിച്ചു ബഹളംവച്ചു - തത്തക്കുഞ്ഞിന്റെ വിഷമങ്ങൾ എന്തെല്ലാമായിരിക്കാം?
- "ഒരു ദിവസം സ്കൂളിൽനിന്ന് വന്നപ്പോൾ തത്തക്കുഞ്ഞിനെ കൂട്ടിൽ കണ്ടില്ല." അപ്പോൾ കുട്ടി അമ്മയോട് എന്തെല്ലാം ചോദിച്ചിരിക്കാം?

## ഊഹിച്ചെഴുതാം

- തത്തക്കുഞ്ഞ് എങ്ങനെയാവും കൂട്ടിൽനിന്ന് രക്ഷപ്പെട്ടത്?

## സംഭാഷണം

'അച്ഛനുമമ്മയും പുറത്തും തത്തക്കുഞ്ഞ് കൂട്ടിലും'- ഇവർ തമ്മിലുള്ള സംഭാഷണം എഴുതൂ.

അമ്മ : മോളേ, നീ എങ്ങനെ ഇവിടെ എത്തി?

കുഞ്ഞ് : ..........................................................

..........................................................

അച്ഛൻ : ..........................................................

..........................................................

..........................................................





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## കൂടുകൾ വീടുകൾ

- മരപ്പൊത്ത് - തത്ത
- മാളം - പാമ്പ്
- 

ഇതുപോലെ മറ്റ് ഏതെല്ലാം ജീവികളുടെ താമസസ്ഥലം നിങ്ങൾക്ക് എഴുതാം?

## പക്ഷികൾ നമ്മുടെ കൂട്ടുകാർ

വീടിന്റെ പരിസരത്തിരുന്ന് കാക്ക കരഞ്ഞാൽ വിരുന്നുകാർ വരും എന്നു പറയാറുണ്ട്. ഇതുപോലെ പല പക്ഷികളെക്കുറിച്ചും വ്യത്യസ്തമായ സങ്കൽപ്പങ്ങളുണ്ട്. കണ്ടെത്തി എഴുതാമോ?

- ഉപ്പൻ
- മൈന
- 

## സമാനപദങ്ങൾ

കൂടെക്കൂടെ തത്തക്കുഞ്ഞിന്റെ അച്ഛനും അമ്മയും കൂടിനു മുകളിൽ പറന്നിറങ്ങി തീറ്റ കൊടുത്തുപോന്നു.

അടിവരയിട്ട പദം ശ്രദ്ധിക്കൂ. ഇതുപോലുള്ള ഏതെല്ലാം പദങ്ങൾ നിങ്ങൾക്കറിയാം? അവയുടെ പ്രത്യേകതകൾ പറയൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## എന്റെ പദശേഖരത്തിലേക്ക്

പാഠഭാഗത്തുള്ള പുതിയ പദങ്ങൾക്ക് അർഥം കണ്ടെത്തുക.

| | | |
|---|---|---|
| പുനം | - | തുള, പൊത്ത് |
| എരുത്തിൽ | - | തൊഴുത്ത് |
| ..................... | - | |
| ..................... | - | |
| ..................... | - | |

## കഥയെഴുതാം

തത്തക്കുഞ്ഞ് തന്റെ കഥ പറഞ്ഞാലോ...

താഴെക്കൊടുത്ത സൂചനകളിൽനിന്ന് കഥ വികസിപ്പിക്കുക.

കൊന്നത്തെങ്ങിലെ ആദ്യ നാളുകൾ

അച്ഛനും അമ്മയും



ഇരുമ്പിൻകൂട്ടിനുള്ളിൽ

പനയോല



വീണ്ടും തെങ്ങിലേക്ക്

JT 119-5 Malayalam-3 VOL-1



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# കുട്ടികളും പക്ഷികളും

ഉണ്ണി : "മഞ്ഞയുടുപ്പിൽ കരിയുമായാ
മന്ദാരച്ചില്ലയിലേതു പക്ഷി?"
അപ്പു : "മഞ്ഞക്കിളിയാണു, കാണുകിൽ നമ്മൾക്കു
മധുരം കിടച്ചീടുമെന്നു ഞായം"
ഉണ്ണി : "ഓണം കഴിഞ്ഞു, മധുരമുണ്ടോ
വേണമെന്നാലും നമുക്കു കിട്ടാൻ?
അപ്പു : "വേണമോ വേറേ മധുര, മിപ്പക്ഷിയെ-
ക്കാണുകിലുള്ളം മതിർക്കുമല്ലോ"
ഉണ്ണി : "അയ്യാ! രസമിതാ മെയ്യാകെ വെള്ളയായ്
കയ്യാലമേൽ രണ്ടരിപ്പിറാക്കൾ!
കാണുക മുറ്റത്തു വന്നു, കൊക്കും
കാൽകളും മയിലാഞ്ചി തേച്ചപോലെ!
നീങ്ങുന്നു കൊച്ചുകാൽ വച്ചു, കഴുത്തുകൾ
നീട്ടി,ക്കുറുക്കിയു,മെന്തു ചന്തം!"





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

അപ്പു : "പുത്തരിയുണ്ണുവാൻ പൂതിയോടേ-
യെത്തിയതാമീയരിപ്പിറാക്കൾ"

ഉണ്ണി : "നെല്ലരിയില്ലല്ലോ നമ്മൾക്കു റേഷനാ-
യുള്ളരിയിത്തിരി കൊണ്ടുനൽകാം.
കൊത്തിയിവറ്റയരിയെടുപ്പൂ
കോഴിക്കിടാങ്ങളെപ്പോലെതന്നെ!
ഏട്ടാ, നമുക്കു പിടിച്ചു വളർത്തിടാം
കൂട്ടായി നമ്മൾ,ക്കിണങ്ങുകില്ലേ?"

അപ്പു : സാഹസം ചെയ്യൊല്ല, പക്ഷികൾക്കു
സ്വാതന്ത്ര്യമല്ലയോ ജീവവായു?

– വൈലോപ്പിള്ളി ശ്രീധരമേനോൻ





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





### കണ്ടെത്താം ചൊല്ലാം

താഴെപ്പറയുന്ന ആശയങ്ങൾ ലഭിക്കുന്ന വരികൾ കണ്ടെത്തി ചൊല്ലാം.

- മഞ്ഞക്കിളിയെക്കണ്ടാൽ മധുരം തിന്നാം.
- കൃഷി കുറഞ്ഞുവരുന്ന അവസ്ഥ.
- പക്ഷിയെ പിടിച്ചു വളർത്താമെന്ന കുട്ടിയുടെ ആഗ്രഹം.

### പദങ്ങൾ കണ്ടെത്താം

താഴെപ്പറയുന്ന പദങ്ങൾക്കു പകരം കവിതയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ എഴുതാം.

| | |
|---|---|
| ന്യായം | |
| മനസ്സ് | |
| ശരീരം | |
| മധുരിക്കുക | |
| ആഗ്രഹം | |



### കണ്ടെത്താം എഴുതാം

മഞ്ഞയുടുപ്പിൽ കരിയുമായ് - മഞ്ഞക്കിളി

മെയ്യാകെ വെള്ളയായ് - ..............................

കൂരിരുട്ടിന്റെ കിടാത്തി - ..............................

മാരിവിൽ ചേലൊത്ത പക്ഷി - ..............................


.................................. - തത്ത



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ചിത്രത്തിൽനിന്ന് കഥ കണ്ടെത്തിയെഴുതുക





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## പക്ഷിച്ചൊല്ലുകൾ

- അരിയെറിഞ്ഞാൽ ആയിരം കാക്ക
- ......................................................................
- ......................................................................

## നമ്മുടെ പക്ഷികൾ

പട്ടിക പരിശോധിക്കുക. നൽകിയിട്ടുള്ള പക്ഷികളുടെ പേരുകളിലെ പ്രത്യേകതകൾ കണ്ടെത്തുക.

| | |
|---|---|
| അങ്ങാടിക്കുരുവി | അങ്ങാടിയിലും തെരുവിലും സാധാരണ കാണുന്നത് |
| ഓലേഞ്ഞാലി | ഓലത്തുമ്പത്ത് ആടിക്കളിക്കുന്ന പക്ഷി |
| മരംകൊത്തി | ................................................ |
| തൂക്കണാംകുരുവി | ................................................ |
| കത്രികപ്പക്ഷി | ................................................ |
| മലമുഴക്കി വേഴാമ്പൽ | ................................................ |
| കുളക്കോഴി | ................................................ |

## ചൊല്ലിരസിക്കാം

കൂട്ടരേ നോക്കുവി,നമ്പഴക്കൊമ്പത്തെ-
ക്കൂട്ടിലെ പൈങ്കിളി മുട്ടയിട്ടു.
എന്തുമെഴുമെഴു,പ്പെന്തുമുഴുമുഴു-
പ്പെന്തൊരു കൊച്ചു രസക്കുടുക്ക!
മുട്ടകളല്ലിവ,യാനന്ദപ്പാൽക്കടൽ-
മുത്തുകൾ തന്നെയാണെന്നു തോന്നും
അമ്മക്കിളിയുടെ കണ്ണും കരളുമാ-
ണിമ്മുട്ട,മുട്ടിയുടച്ചിടൊല്ലേ!





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## നിറം കൊടുക്കാം

- ഇഷ്ടമുള്ള പക്ഷിയുടെ ചിത്രം വരച്ച് നിറം നൽകൂ.



### എന്റെ പ്രിയപ്പെട്ട പക്ഷി

എന്നും രാവിലെ മുറ്റത്തെ മാവിൻകൊമ്പിൽ എന്തിനാണ് നീ വരുന്നത്? എന്തു മധുരമാണ് നിന്റെ പാട്ട്! എത്ര നേരമായി പാടുന്നു! എന്തിനാണ് പാടുമ്പോൾ ഇങ്ങനെ വാലിട്ടിളക്കുന്നത്? നിനക്കാരാണ് വണ്ണാത്തിപ്പുള്ള് എന്ന് പേരിട്ടത്? എപ്പോഴും ഇങ്ങനെ വൃത്തിയായി നടക്കുന്നതുകൊണ്ടാണോ?

- ഇഷ്ടപ്പെട്ട പക്ഷിയോട് നിങ്ങൾക്കും ചില കാര്യങ്ങൾ ചോദിക്കാനില്ലേ? എഴുതിനോക്കൂ.

## അഭിനയിക്കാം

- “വിട്ടയയ്ക്കുക കൂട്ടിൽനിന്നെന്നെ ഞാ-
നൊട്ടു വാനിൽ പറന്നുനടക്കട്ടെ.”

  - ഒരു കിളി നിങ്ങളോട് ഇങ്ങനെ പറഞ്ഞാൽ എന്തു മറുപടി നൽകും? കിളിയുമായുള്ള സംഭാഷണം എഴുതി അവതരിപ്പിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ആൽബം നിർമിക്കാം

പക്ഷികളുടെ പേരെഴുതി അടിക്കുറിപ്പ് നൽകാം



മലമുഴക്കി
വേഴാമ്പൽ



........................
........................



........................
........................



........................
........................



........................
........................

## വിവരണം തയാറാക്കാം

നിങ്ങൾക്കു പരിചിതമായ ഒരു പക്ഷിയുടെ ചിത്രം വരച്ച് വിവരണം തയാറാക്കുക.



## ഞാൻ വിവരിച്ചപ്പോൾ

| | |
|---|---|
| കണ്ടറിഞ്ഞത് കൃത്യമായി എഴുതാൻ കഴിഞ്ഞു. | ☑ |
| വിശദാംശങ്ങൾ എല്ലാം എഴുതി. | ☐ |
| ഉചിതമായ പദങ്ങളും വാക്യങ്ങളും ഉപയോഗിച്ചു. | ☐ |
| കൂട്ടുകാർ എഴുതിയ വിവരണങ്ങൾ വായിച്ച് ചില മാറ്റങ്ങൾ വരുത്തി. | ☐ |




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

3

# എല്ലുമുറിയെ പണിചെയ്താൽ



മാരിമഴകൾ നനഞ്ഞേ - ചെറു
വയലുകളൊക്കെ നിറഞ്ഞേ,
പൂട്ടിയൊരുക്കിപ്പറഞ്ഞേ - ചെറു
ഞാറുകൾ കെട്ടിയെറിഞ്ഞേ
ഓമല, ചെന്തില, മാല - ചെറു
കണ്ണമ്മ, കാളി, കറുമ്പി
വന്നു നിരന്നവർ നിന്നേ - കെട്ടി
ഞാറെല്ലാം കെട്ടിപ്പകുത്തേ
ഒപ്പത്തിൽ നട്ടു കരേറാ - നവർ
കുത്തിയെടുത്തു കുനിഞ്ഞേ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# മണ്ണിലെ നിധി

വിളവു കുറഞ്ഞ വൃക്ഷങ്ങളെ നോക്കി അയാളിരുന്നു. ആവശ്യത്തിനു വെട്ടും കിളയും ഏറ്റില്ലെങ്കിൽ എങ്ങനെ ഫലസമൃദ്ധിയുണ്ടാവാൻ!

പ്രായം തളർത്തിയ ആ ശരീരത്തിന് നന്നായി ജോലി ചെയ്യാനുള്ള കഴിവില്ല.
അയാൾക്ക് മുതിർന്ന നാലു മക്കളുണ്ട്. നല്ല ആരോഗ്യമുള്ളവർ. കൃഷിയിൽ നിന്നുള്ള വരുമാനംകൊണ്ടുതന്നെയാണ് നാലുപേരെയും വളർത്തിയത്.

പക്ഷേ, അവർക്ക് കൃഷിയിലൊന്നും തീരെ താൽപര്യമുണ്ടായിരുന്നില്ല. വെറുതെ രസിച്ചു നടക്കണം. പ്രഭാതഭക്ഷണം കഴിഞ്ഞാൽ നാടു ചുറ്റാനിറങ്ങും. നിറയെ കൂട്ടുകാരുണ്ട്. എല്ലാവരുമായി കളിച്ചും ചിരിച്ചും സമയമങ്ങനെ പോക്കും. ഉച്ചയൂണിന്റെ നേരത്ത് തിരിച്ചെത്തും. പിന്നെയും പോകും.

തന്റെ കാലം കഴിഞ്ഞാൽ ഇവരെങ്ങനെ ജീവിക്കും? അയാൾ പലപ്പോഴും ആലോചിക്കാറുണ്ട്. ഒരുനാൾ ആ കർഷകൻ അസുഖം ബാധിച്ച് കിടപ്പിലായി.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com


മക്കൾ നാലുപേരും അടുത്തുണ്ട്. അയാൾ എല്ലാവരെയും നോക്കിപ്പറഞ്ഞു:

“മക്കളേ, എനിക്കിനി ഏറെ നാളില്ല. ഞാൻ മരിച്ചാൽപ്പിന്നെ നിങ്ങളെങ്ങനെ ജീവിക്കും? ഞാൻ പറഞ്ഞതൊന്നും നിങ്ങൾ കേട്ടില്ല. പറമ്പിൽ പണിയെടുക്കാൻ നിങ്ങൾക്ക് അറിയില്ല. അതുകൊണ്ട് ഞാൻ ഒരു കാര്യം ചെയ്തിട്ടുണ്ട്. നമ്മുടെ പറമ്പിൽ നിങ്ങൾക്കു വേണ്ടി ഒരു നിധി കുഴിച്ചിട്ടിട്ടുണ്ട്. എന്റെ മരണശേഷം നിങ്ങൾക്ക് അതെടുക്കാം. അത് വിറ്റു കിട്ടുന്ന പണംകൊണ്ട് സുഖമായി ജീവിക്കാം. അതുവരെ കഴിയാനുള്ളത് പത്തായത്തിലുണ്ട്. സൂക്ഷിച്ച് ചെലവാക്കണം.”

അച്ഛന് തങ്ങളോടുള്ള കരുതൽ ഓർത്ത് അവർ സന്തോഷിച്ചു. കുറച്ചു ദിവസങ്ങൾക്കുശേഷം ആ കൃഷിക്കാരൻ മരിച്ചു. പത്തായത്തിലുള്ള നെല്ല് കുറഞ്ഞു വന്നപ്പോഴാണ് അച്ഛൻ പറഞ്ഞിരുന്ന കാര്യത്തെക്കുറിച്ച് അവർ ഓർമിച്ചത്. നിധി, അതു കുഴിച്ചെടുക്കണം.

നിധി എവിടെയാണ് കുഴിച്ചിട്ടിരിക്കുന്നത്? പറമ്പിലാണെന്നേ പറഞ്ഞുള്ളൂ. പറമ്പിൽ എവിടെ? ഏതായാലും കുഴിച്ചുനോക്കുകതന്നെ.

നാലുപേരും പറമ്പിന്റെ നാലു വശത്തുനിന്നും കുഴിച്ചു തുടങ്ങി.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ആർക്കായിരിക്കും നിധി കിട്ടുക?
എല്ലാ ദിവസവും രാവിലെ മുതൽ അവർ പറമ്പു കിളയ്ക്കാൻ തുടങ്ങും. നിധി കാണുന്നതേയില്ല.

ജോലി ചെയ്തു ശീലമില്ലാത്ത അവർ തളർന്നു. എന്നാലും ജോലി തുടർന്നു. നിധി കണ്ടുപിടിക്കണമല്ലോ. കൂട്ടുകാരെ വിളിച്ചു. പക്ഷേ, അവരാരും പറമ്പിൽ കയറാൻ തയാറായില്ല.
ഒടുവിൽ മക്കൾ തന്നെ പറമ്പു മുഴുവനും കുഴിച്ചു. എന്നിട്ടും നിധി കിട്ടിയില്ല. അവർക്കു വല്ലാത്ത നിരാശയും ദേഷ്യവും തോന്നി. ഇനി എന്തുചെയ്യും? വീടിന്റെ വരാന്തയിൽ ചെന്നിരുന്നു. അപ്പോൾ അച്ഛന്റെ ഒരു പഴയ സുഹൃത്ത് ആ വഴി വന്നു. കിളച്ചുമറിച്ചിട്ടിരിക്കുന്ന പറമ്പു കണ്ട ആ കൃഷിക്കാരൻ പറഞ്ഞു:

“കൊള്ളാം! മിടുക്കന്മാർ! പറമ്പൊക്കെ നന്നായി കിളച്ച് ഇളക്കിയിട്ടിരിക്കുകയല്ലേ. ഇനി ആവശ്യത്തിനുള്ള വളം ചേർത്താൽ ഈ വൃക്ഷങ്ങളൊക്കെ നന്നായി കായ്ക്കും. കുറച്ച് നെല്ലും വിതയ്ക്കാം. വിത്തും വളവും ഞാൻ തരാം.”

ഏതായാലും ഇത്രയുമായില്ലേ. അതുകൂടി ചെയ്യാം. അയാൾ പറഞ്ഞതുപോലെ അവർ ചെയ്തു.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ പറമ്പിലെ ഫലവൃക്ഷങ്ങളെല്ലാം നന്നായി കായ്ച്ചു. ഇടവിളയായി നല്ല നെല്ലും കിട്ടി. ഇതുവരെ ആ പറമ്പിൽനിന്ന് അത്രയും വരുമാനം ഉണ്ടായിട്ടില്ല. അവർ ഉറപ്പിച്ചു. അച്ഛൻ പറഞ്ഞ നിധി ഇതുതന്നെ.



## ഉത്തരം കണ്ടെത്തുക

- കർഷകന്റെ മക്കളുടെ സ്വഭാവം എങ്ങനെയുള്ളതായിരുന്നു?
- കർഷകന്റെ പറമ്പിൽ വിളവു കുറയാൻ കാരണമെന്ത്?
- മക്കൾ നിധി കുഴിച്ചെടുക്കാൻ തീരുമാനിച്ചതെപ്പോൾ?
- അവർ ഒടുവിൽ കണ്ടെത്തിയ നിധി എന്തായിരുന്നു?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### കണ്ടെത്തിയെഴുതുക

കർഷകന്റെയും മക്കളുടെയും സ്വഭാവസവിശേഷതകൾ എഴുതുക.

| കർഷകൻ | മക്കൾ |
|---|---|
| • അധ്വാനശീലൻ | • അലസർ |
| • | • |
| • | • |
| • | • |

### പിരിച്ചെഴുതാം

- നിങ്ങൾ, എങ്ങനെ എന്നീ പദങ്ങൾ ചേർത്ത് 'നിങ്ങളെങ്ങനെ' എന്നാക്കിയിരിക്കുന്നു. ഇതുപോലുള്ള പദങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി പിരിച്ചെഴുതൂ.

### ആശയം എഴുതാം

വാക്യം പൂർത്തിയാക്കി ആശയം വിശദീകരിക്കുക.

- എല്ലുമുറിയെ പണി ചെയ്താൽ ..................................

### കഥ പറയാം

കർഷകൻ നിധിയെക്കുറിച്ച് മക്കളോട് പറഞ്ഞിരുന്നില്ലെങ്കിൽ എന്തായിരിക്കാം സംഭവിക്കുക? കഥ വികസിപ്പിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

### പഴഞ്ചൊല്ല് പൂർത്തിയാക്കുക

- സമ്പത്തുകാലത്ത് തൈപത്തു വച്ചാൽ

  ......................................................................
- വിത്താഴം ചെന്നാൽ


  ......................................................................
- വേണമെങ്കിൽ ചക്ക

  ......................................................................




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പദശേഖരം

- കൃഷിയുമായി ബന്ധപ്പെട്ട പദങ്ങൾ ശേഖരിക്കാം.






## ഞാൻ കഥ പറഞ്ഞപ്പോൾ

| | |
|---|---|
| • കഥ നന്നായി പറഞ്ഞു | ☐ |
| • കഥാപാത്രങ്ങളുടെ സ്വഭാവം വ്യക്തമാകുന്ന രീതിയിൽ പറഞ്ഞു. | ☐ |
| • മറ്റുള്ളവർ ശ്രദ്ധിക്കുന്ന തരത്തിൽ കഥ പറഞ്ഞു. | ☐ |
| • ഉച്ചാരണശുദ്ധിയോടെ, ഒഴുക്കോടെ കഥ പറഞ്ഞു. | ☐ |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# എന്റെ തോട്ടം

തീപ്പിടിച്ചപോലുള്ള വെയിലിൽ
വേർപ്പൊഴുക്കി ഞാൻ വിത്തു വിതച്ചാൽ
വാനത്തിന്റെ വലിയ വയലിൽ
വാർമുകിലതു കാണുവാനെത്തും
വേനൽച്ചൂടിനന്നെന്റെ പറമ്പിൽ
നൂണുകേറാൻ കഴിഞ്ഞില്ല തെല്ലും
വാഴകളുടെ സമ്മതം വേണം
വായുവിന്നും വളപ്പിൽ കടക്കാൻ
പത്തുകൊട്ട വളത്തിനതിന്റെ
പത്തിരട്ടി ഫലങ്ങളുമായി
മത്തകുമ്പളമെന്നിവയെല്ലാം
ഒത്തതായെന്റെ കായ്കറിത്തോട്ടം
മൺകുടവുമായ് തോട്ടത്തിലെത്താൻ
എൻ കുടുംബിനി ചെറ്റു വൈകിച്ചാൽ
പൊൻകുറിയിട്ട വെള്ളരിവള്ളി
സങ്കടത്താൽ തലതാഴ്ത്തി നിൽക്കും.

– എ.വി. ശ്രീകണ്ഠപ്പൊതുവാൾ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ആശയം കണ്ടെത്താം

- വിത്തുവിതയ്ക്കുന്നത് കാണുവാനെത്തുന്നത് ആര്? എവിടെ?
- തോട്ടത്തിൽ കയറാൻ ആരുടെ സമ്മതമാണ് വേണ്ടത്? ആർക്കൊക്കെ?
- കായ്കറിത്തോട്ടത്തിൽ എന്തൊക്കെ വിളകളാണുള്ളത്?
- എപ്പോഴാണ് വെള്ളരിവള്ളി സങ്കടത്താൽ തല താഴ്ത്തുന്നത്?



## താളത്തിൽ ചൊല്ലാം

'എന്റെ തോട്ടം' എന്ന കവിതയ്ക്ക് ഉചിതമായ താളം കണ്ടെത്തി ഒറ്റയ്ക്കും സംഘമായും പാടി അവതരിപ്പിക്കുക.



## വായിക്കാം കണ്ടെത്താം

താഴെപ്പറയുന്ന ആശയങ്ങൾ സൂചിപ്പിക്കുന്ന വരികൾ ഏവ?

- കൊടുംചൂട്
- വിളകൾ നിറഞ്ഞ തോട്ടം
- തോട്ടം നനയ്ക്കൽ

## കൂടുതൽ പദങ്ങൾ

കൃഷിസ്ഥലവുമായി ബന്ധപ്പെട്ട നിരവധി പദങ്ങൾ ഈ കവിതയിലുണ്ട്. കണ്ടെത്തിയെഴുതുക.

ഉദാ: തോട്ടം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## വിവരണം തയാറാക്കുക

നിങ്ങളുടെ വിദ്യാലയത്തിൽ ഒരു പച്ചക്കറിത്തോട്ടം നിർമിക്കുന്നുവെന്നിരിക്കട്ടെ. എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്തണം? ചെറുവാക്യങ്ങളിൽ എഴുതുക.

## ചൊല്ലാം രസിക്കാം

താതിനന്തം... താതിനന്തം... താതിനന്തം തെയ്യത്താര
താതിനന്തം... താതിനന്തം... താതിനന്തം തെയ്യത്താര
അരികറുക ചെറുകറുക ജീരക ചെമ്പാവ്
വിത്തെല്ലാം വാരി പാകണ് (താതിനന്തം...)
തള്ളഞാറ് നിൽക്കേ പിള്ളഞാറ് പറിക്കണ്
പറിക്കുന്നേ ഞാറ് പറിക്കുന്നേ
പിടിഞാറെല്ലാം കെട്ടി എറിയണ് (താതിനന്തം...)





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

- ഇതുപോലെ കൃഷിയുമായി ബന്ധപ്പെട്ട നാടൻപാട്ടുകൾ ശേഖരിച്ച് സംഘമായി അവതരിപ്പിക്കൂ.

## പദശേഖരത്തിലേക്ക്

| | | |
|---|---|---|
| വാർമുകിൽ | - | കാർമേഘം |
| കുടുംബിനി | - | |
| വേർപ്പ് | - | |
| വളപ്പ് | - | |




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

4

# നിറമുള്ള നന്മകൾ





കൂട്ടുകാരിയുടെ
പിറന്നാളിന്
ഒരു ആശംസാകാർഡ്
തയാറാക്കുക.
നിറം നൽകി ഭംഗിയാക്കൂ.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# മഞ്ഞപ്പാവാട

"മോളേ, വന്ന് ഊണ് കഴിക്ക്"

അമ്മ കെഞ്ചിപ്പറഞ്ഞു.

"എനിക്ക് മഞ്ഞപ്പാവാട വേണം"

അവൾ വാശിപിടിച്ചു.

"വാങ്ങിത്തരാം. ഇപ്പോ ഊണ് കഴിക്ക്".

അമ്മ അവളെ സമാധാനിപ്പിച്ചു.

"എന്റെ പൊന്നുമോൾക്ക് അച്ഛൻ വാങ്ങിത്തരാം"





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അച്ഛനും പറഞ്ഞുനോക്കി.

“എനിക്ക് പാവാട നാളെത്തന്നെ വേണം. തരോ?”

അവൾ കരച്ചിലിന്റെ ശക്തി കുറച്ചു.

അച്ഛൻ അമ്മയുടെ മുഖത്ത് ദയനീയമായി നോക്കി.

“വാങ്ങിത്തരാം മോളേ, അച്ഛന്റടുത്ത് കാശുണ്ടാവട്ടെ.....”

അച്ഛന്റെ ശബ്ദം അല്പമിടറി.

അവളെ ചേർത്തുനിർത്തി നെറുകയിൽ തലോടിയപ്പോൾ അമ്മയുടെ കണ്ണു നനഞ്ഞു.

“നാളെ മോളുടെ പിറന്നാളല്ലേ. വന്ന് ഊണ് കഴിക്ക്. പിറന്നാൾത്തലേന്ന് വയറുവിശന്ന് കിടക്കരുത്.”

അമ്മ വീണ്ടും പറഞ്ഞു.

“പിറന്നാളിന് എനിക്ക് മഞ്ഞപ്പാവാടയിടണം. പാവാടയില്ലെങ്കിൽ പിറന്നാളും വേണ്ട.”

അവൾ മുഖം വീർപ്പിച്ചു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

അമ്മ അച്ഛനെ നോക്കി. ആ നോട്ടം നേരിടാനാവാതെ

അച്ഛൻ മുഖം തിരിച്ചു.

അവൾ അത് കണ്ടു.


"മോള് വാ. നാളെത്തന്നെ മോൾക്ക് പാവാട തരാം. മഞ്ഞപ്പാവാട ഇട്ടോണ്ടുതന്നെ മോൾക്ക് പിറന്നാളുകാരിയാവാം."

തീരുമാനമെടുത്തപോലെ അമ്മ പറഞ്ഞു.

"സത്യായിട്ടും തരോ?"

അവൾ തലയുയർത്തി നോക്കി.

"ങും"





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

അമ്മയുടെ മൂളലിൽ സംശയം തെല്ലുപോലും ഉണ്ടായില്ല. അവളുടെ മുഖം തെളിഞ്ഞു. മുഖം തുടച്ച് അവൾ അടുക്കളയിലേക്കോടി. അവിടെ അമ്മ പിഞ്ഞാണത്തിൽ വിളമ്പിവെച്ച ചോറ് സ്വാദോടെ അകത്താക്കി.

അച്ഛനും അമ്മയും അത് നോക്കിനിന്നു.

ആ കാഴ്ച അവരെ ഏറെ സന്തോഷിപ്പിക്കാറുള്ളതാണ്. എന്നാൽ, ഇന്നെന്തോ അത് കണ്ടിട്ടും അവർക്ക് ഭാവമാറ്റം ഉണ്ടായില്ല.

കയറ്റുകട്ടിലിൽ കുറേനേരം കിടന്നിട്ടും അവൾക്ക് ഉറക്കം വന്നില്ല. കണ്ണടച്ചാലും തുറന്നാലും മുന്നിൽ പുത്തൻ മഞ്ഞപ്പാവാട മാത്രം. ഒരുപാട് കൊതിച്ച പാവാട തനിക്ക് കിട്ടാൻ പോകുന്നു!

മഞ്ഞപ്പാവാടയുമിട്ട് ഗമയിൽ വിലസുന്നത് മനസ്സിൽക്കണ്ട് അവൾ കണ്ണടച്ചുകിടന്നു.


അച്ഛനും അമ്മയും ഉറങ്ങിയിട്ടില്ല. അവരെന്തോ പതിഞ്ഞ സ്വരത്തിൽ സംസാരിക്കുന്നുണ്ട്. അവൾ കാതോർത്തു.

തന്റെ മഞ്ഞപ്പാവാടയെക്കുറിച്ച് തന്നെയാണ് അവരും പറയുന്നത്. പാവാട വാങ്ങാൻ പണമില്ലാത്തതിലാണ് അച്ഛന്റെ വിഷമം.

"നീയെന്തിനാ മോൾക്ക് വെറുതെ ആശ കൊടുത്തേ?"

അച്ഛൻ ചോദിച്ചു.

"മോളുടെ വിഷമം കാണാൻ വയ്യാത്തോണ്ടാ"



അമ്മയുടെ ശബ്ദം പതറി.

"ഇനി നാളെ അവളോടെന്തു പറയും?"

അച്ഛൻ ചോദിച്ചു.

ഒന്നും പറയാതെ അമ്മ എഴുന്നേറ്റു. ജനൽപ്പടിയിൽനിന്ന് മൺകുടുക്കയെടുത്തു.


അമ്മയ്ക്ക് കിട്ടുന്ന ചില്ലറപ്പൈസ ഇട്ടുവച്ചിരുന്ന മൺകുടുക്ക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





"എന്തിനാമ്മേ ഈ പൈസയൊക്കെ?"

അവൾ ചോദിക്കാറുണ്ട്.

"അതോ? മോൾക്കൊരനിയനുണ്ടാവുമ്പോ അരഞ്ഞാണം വാങ്ങാനാ."

അമ്മയുടെ മറുപടി ഇതാവും.

"നീ എന്തുചെയ്യാൻ പോവ്വാ?"

അച്ഛന് ഒന്നും മനസ്സിലായില്ല.

"വേണ്ട, മോളെ വിഷമിപ്പിക്കണ്ട. മോൾക്ക് പാവാടയ്ക്കുള്ള പൈസ ഇതിലുണ്ടാവും."

അമ്മ കുടുക്ക നിലത്തുടയ്ക്കാനായി ഉയർത്തി.

അവൾക്ക് സഹിക്കാവുന്നതിലപ്പുറമായിരുന്നു അത്. അവൾ ചാടിയെഴുന്നേറ്റ് അമ്മയുടെ കൈത്തണ്ടയിൽപ്പിടിച്ച് പൊട്ടിക്കരഞ്ഞു.

**– ഡോ. കെ. ശ്രീകുമാർ**



## പറയാം എഴുതാം

- കുഞ്ഞ് സ്വാദോടെ ഭക്ഷണം കഴിക്കുന്നതു കണ്ടിട്ടും അച്ഛനും അമ്മയ്ക്കും സന്തോഷം തോന്നിയില്ല. കാരണമെന്ത്?
- അമ്മയുടെ കൈത്തണ്ടയിൽ പിടിച്ച് പൊട്ടിക്കരഞ്ഞുകൊണ്ട് കുട്ടി എന്തായിരിക്കും പറഞ്ഞത്?

## എന്തെല്ലാം സ്വപ്നങ്ങൾ

കഥയിലെ കുട്ടിക്ക് ഒരു പേരു നൽകാമോ? കുഞ്ഞനുജനെക്കുറിച്ച് അവൾ എന്തെല്ലാം സ്വപ്നങ്ങളായിരിക്കും കണ്ടിരിക്കുക? എഴുതി നോക്കൂ.






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## നിറമുള്ള വാക്കുകൾ

മഞ്ഞനിറമുള്ള പാവാടയാണ് മഞ്ഞപ്പാവാട. ഇതുപോലെ നിറം ചേർന്നു വരുന്ന എത്ര വാക്കുകൾ എഴുതാം?

- വെള്ളക്കൊക്ക്
- നീലത്താമര
- 
- 
- 



## പൂർത്തിയാക്കാം

| | | |
|---|---|---|
| അച്ഛൻ | : | നീയെന്തിനാ മോൾക്ക് ആശ കൊടുത്തത്? |
| അമ്മ | : | മോളുടെ വിഷമം കാണാൻ വയ്യാത്തോണ്ടാ. |
| അച്ഛൻ | : | ഇനി നാളെ അവളോടെന്തു പറയും? |
| അമ്മ | : | ........................................................................ |
| | | ........................................................................ |
| അച്ഛൻ | : | ........................................................................ |
| | | ........................................................................ |



## കണ്ടെത്തി എഴുതൂ

"അവൾക്ക് സഹിക്കാവുന്നതിലുമപ്പുറമായിരുന്നു അത്."

'മഞ്ഞപ്പാവാട'യിലെ പെൺകുട്ടിക്കുണ്ടായ വിഷമമാണ് ഈ വാക്യത്തിലൂടെ സൂചിപ്പിച്ചത്.

"എനിക്ക് സങ്കൽപ്പിക്കാവുന്നതിലപ്പുറമായിരുന്നു അവിടെനിന്നും കിട്ടിയ സമ്മാനങ്ങൾ."

ഇതുപോലുള്ള വാക്യങ്ങൾ വരുന്ന സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## സങ്കല്പിച്ച് എഴുതുക

ഈ കുട്ടി നിങ്ങളുടെ ക്ലാസിലെ ഒരാളായിരുന്നുവെങ്കിൽ പിറന്നാളിന് എന്തെല്ലാമായിരിക്കും നിങ്ങൾ ഒരുക്കുക?

- പിറന്നാൾമരം നടാം
- ......................................................................................................
- ......................................................................................................
- ......................................................................................................

അവൾക്ക് ആശംസ നേർന്നുകൊണ്ട് കത്തു തയാറാക്കുക.

## വീണ്ടും വായിക്കാം

കഥയിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട സന്ദർഭം ഏതെന്നു കണ്ടെത്തി പറയുക.

## പദശേഖരം


> ഞാൻ കൂട്ടുകാരിയുടെ <u>വീട്ടിൽ</u> പോയി. <u>സന്തോഷം</u> കൊണ്ട് അവളുടെ ഹൃദയം തുടിച്ചു. വെറുതെ പുറത്തിറങ്ങി ചുറ്റിനടന്നപ്പോൾ ഞങ്ങളുടെ <u>കാല്</u> കഴച്ചു. ഞങ്ങൾ <u>ഒന്നിച്ചു പഠിക്കുന്നവരായിരുന്നു.</u> <u>അടുത്തടുത്ത വീടുകളിലാണ്</u> ഞങ്ങൾ താമസിക്കുന്നത്.

- നിങ്ങളുടെ പദശേഖരത്തിലുള്ള ചില വാക്കുകളാണ് അടിവരയിട്ടിരിക്കുന്നത്. സമാനമായ പദങ്ങൾ കണ്ടെത്താമോ?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## കണ്ടെത്താം എഴുതാം

ഇവിടെ ഒളിഞ്ഞിരിക്കുന്ന സംഭവങ്ങൾ കണ്ടെത്തി ക്രമപ്പെടുത്തി എഴുതുക.

അമ്മ / വച്ചിട്ടുണ്ട് / പായസവും

നീട്ടി / സമ്മാനപ്പൊതി / അവർ

ചിത്രകഥാപുസ്തകം / ഒരു / മനോഹരമായ

എല്ലാവരും / വന്നു / കൂട്ടുകാർ

അജിതയുടെ / ഇന്ന് / ജന്മദിനമാണ്

പിറന്നാൾ / നല്ല / സമ്മാനം



## എന്റെ പദശേഖരത്തെക്കുറിച്ച്

| | |
|---|---|
| പാഠഭാഗങ്ങളിൽനിന്ന് പുതിയ പദങ്ങൾ ശേഖരിച്ചിട്ടുണ്ട്. | ☐ |
| പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ എന്നിവയിൽനിന്ന് പദങ്ങൾ ശേഖരിച്ചിട്ടുണ്ട്. | ☐ |
| ശേഖരിച്ച പദങ്ങൾ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കാൻ കഴിയുന്നുണ്ട്. | ☐ |





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# നക്ഷത്രവും പൂവും

നക്ഷത്രമൊന്നിനെക്കാട്ടി - വാനം
മുക്കുറ്റിയോടു ചോദിച്ചു.
ഉണ്ടോ ഒരെണ്ണമിവ്വണ്ണം - നിന
ക്കെന്നോടു മത്സരം കൂടാൻ
താണുപോയല്ലോ ശിരസ്സ്-ചെടി
യ്ക്കീറനായല്ലോമിഴികൾ
ഇല്ലായ്മ സമ്മതിക്കുമ്പോൾ - വേറെ
വല്ലായ്മയെന്തുള്ളൂ പാരിൽ
അന്നേരമുണ്ടാശിരസ്സിൽ - ഒരു
കുഞ്ഞുപൂവിന്റെ വിരിയൽ
രത്നം പതിച്ചതുപോലെ - അതിൻ
കാന്തിയെങ്ങും ചിതറുന്നു.
കണ്ണഞ്ചുമാറായി വ്യോമം - മണ്ണിൽ
ഇത്രയുണ്ടാവുമോ ചന്തം.
നക്ഷത്രമെത്ര നിസ്സാരം - ഇതാ
ഭൂമിയിലെ പൊന്നുതാരം
അത്രയും താഴ്മയിൽനിന്നേ - വരൂ
ഇത്രയ്ക്കഴകു പൂവിന്നും.

- വീരാൻകുട്ടി





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## കണ്ടെത്തി എഴുതാം

- ചെടിയുടെ മിഴികൾ ഈറനായത് എപ്പോഴാണ്?
- "കണ്ണഞ്ചുമാറായി വ്യോമം" – എന്തുകൊണ്ട്?
- കുനിഞ്ഞ ശിരസ്സുമായി മുക്കുറ്റി എന്തൊക്കെ ചിന്തിച്ചിട്ടുണ്ടാവും?

## പകരം പദങ്ങൾ കണ്ടെത്താം

താഴെ പറയുന്ന പദങ്ങൾക്ക് പകരമായി കവിതയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ കണ്ടെത്തുക.

| | | |
|---|---|---|
| ആകാശം | – | ......................... |
| കണ്ണ് | – | ......................... |
| ഭംഗി | – | ......................... |
| നക്ഷത്രം | – | ......................... |
| പൂവ് | – | ......................... |

## മാറ്റിയെഴുതാം

| | | |
|---|---|---|
| താണുപോയല്ലോ ശിരസ്സ് | – | ശിരസ്സ് താണുപോയി |
| ഈറനായല്ലോ മിഴികൾ | – | ........................ |
| ........................ | – | കണ്ണഞ്ചി |





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## സംഭാഷണമെഴുതാം

ആകാശം : നിനക്കെന്നോട് മത്സരിക്കാമോ?

മുക്കുറ്റി : അയ്യോ! അങ്ങയോട് മത്സരിക്കാൻ ഞാനില്ല.

ആകാശം : ..........................................................................

മുക്കുറ്റി : ..........................................................................

## ആകാശത്തിലെ കാഴ്ചകൾ എഴുതാം

"ഉണ്ടോ ഒരെണ്ണമിവ്വണ്ണം - നിന
ക്കെന്നോടു മത്സരം കൂടാൻ"

വാനം നക്ഷത്രത്തെ ചൂണ്ടി മുക്കുറ്റിയോട് ചോദിച്ചത് കേട്ടില്ലേ? ആകാശത്ത് ഭംഗിയുള്ള മറ്റെന്തൊക്കെ കാഴ്ചകളുണ്ട്?






## ഈണത്തിൽ ചൊല്ലുക

നക്ഷത്രവും പൂവും എന്ന കവിത ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുക.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




## ഭൂമിയിലെ കാഴ്ചകൾ – ഭംഗി കണ്ടെത്താം




ചന്തമുള്ള എന്തൊക്കെ കാഴ്ചകൾ ചുറ്റുപാടിൽനിന്ന് കണ്ടെത്താം.

ഇവയിൽ ഏതെങ്കിലും ഒന്നിന്റെ ഭംഗി വിവരിച്ചുകൊണ്ട് ചെറുവിവരണം തയാറാക്കുക.

## നിറം കൊടുത്ത് തലക്കെട്ട് നൽകാം





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## പദശേഖരം

താഴ്മ –

പാര് –

വ്യോമം –

ഈറൻ –

## ആശയം കണ്ടെത്താം എഴുതാം

- "ഇല്ലായ്മ സമ്മതിക്കുമ്പോൾ – വേറെ
  വല്ലായ്മയെന്തുള്ളൂ പാരിൽ"
- അത്രയും താഴ്മയിൽനിന്നേ – വരൂ
  ഇത്രയ്ക്കഴകു പൂവിന്നും.

## ഈണത്തിൽ താളത്തിൽ ചൊല്ലാം

- ഓമനത്തിങ്കൾക്കിടാവോ നല്ല
  കോമളത്താമരപ്പൂവോ
  പൂവിൽ നിറഞ്ഞ മധുവോ പരി
  പൂർണേന്ദു തന്റെ നിലാവോ.
- ഈ വല്ലിയിൽ നിന്നു ചെമ്മേ– പൂക്കൾ
  പോകുന്നിതാ പറന്നമ്മേ
  തെറ്റീ നിനക്കുണ്ണീ ചൊല്ലാം– നൽ
  പൂമ്പാറ്റകളല്ലേ ഇതെല്ലാം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

5

# വഴിവിളക്ക്

ലോകമേ തറവാട് തനിക്കീ, ച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ.

ലോകമെന്ന തറവാട്ടിൽ നമുക്ക് കുടുംബക്കാരായി മറ്റാരെല്ലാമുണ്ട്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# സ്നേഹം

ഇവിടെ സ്നേഹിച്ചതാദ്യമായ് ആരെ ഞാൻ?
മിഴികളിൽ ചുണ്ടുചേർത്തൊരെന്നമ്മയെ
        കവിതചൊല്ലിപ്പഠിപ്പിച്ചൊരച്ഛനെ
        വഴിയൊരുക്കുവാൻ വന്ന ഗുരുവിനെ
ഇവിടെ സ്നേഹിച്ചതാദ്യമായ് എന്തിനെ?
ചുവടുതാങ്ങിത്തുണച്ചൊരീ മണ്ണിനെ
        പിറവിയോടൊത്തു കണ്ട നഭസ്സിനെ
        മധുരമൂറും മനുഷ്യവചസ്സിനെ
കിളികൾ വാഴ്ത്തുന്ന മുഗ്ധരാഗത്തിനെ
കുളിരുചൂടുന്ന സുപ്രഭാതത്തിനെ
        ഹൃദയരാഗം ചുവപ്പിച്ച സന്ധ്യയെ
        ഇരുളു നീക്കുന്ന സൗവർണസൂര്യനെ
അഴകിൽ മുങ്ങിയോരിന്ദ്രധനുസ്സിനെ
അലിവുകാട്ടുന്ന കാർമേഘപാളിയെ
        നിഴൽ നിരത്തുന്ന നിശ്ശബ്ദരാത്രിയെ
        അഴലകറ്റുവാനെത്തും പകലിനെ

**– കിളിമാനൂർ രമാകാന്തൻ**





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

| | | |
|---|---|---|
| നഭസ്സ് | – | ആകാശം |
| വചസ്സ് | – | വാക്ക് |
| ഇന്ദ്രധനുസ്സ് | – | മഴവില്ല് |
| അഴൽ | – | ദുഃഖം |

## കണ്ടെത്താം പറയാം

- അമ്മ, അച്ഛൻ, ഗുരുനാഥൻ എന്നിവരെങ്ങനെയാണ് കുട്ടിയെ വളർത്തിയത്?
- പ്രകൃതിയിലെ ഏതൊക്കെ അനുഭവങ്ങളെയാണ് കുട്ടി സ്നേഹിച്ചത്?
- നടക്കാൻ പഠിപ്പിച്ചത് ഭൂമിയാണ് എന്നു സൂചിപ്പിക്കുന്ന വരി ഏത്?

## കൂട്ടിച്ചേർക്കാം

ഉദാ:– കുളിരു ചൂടുന്നു – സുപ്രഭാതം

| | | |
|---|---|---|
| ............................................... | – | മുഗ്ധരാഗം |
| സന്ധ്യയെ ചുവപ്പിക്കുന്നു | – | ............................................... |
| ............................................... | – | സൗവർണസൂര്യൻ |
| അഴകിൽ മുങ്ങുന്നു | – | ............................................... |
| ............................................... | – | കാർമേഘം |
| ............................................... | – | ............................................... |

ഇത്തരം പ്രയോഗങ്ങളുടെ ഭംഗി ചർച്ച ചെയ്യൂ.

## ആശയം എഴുതാം

- അലിവുകാട്ടുന്ന കാർമേഘപാളിയെ
- വഴിയൊരുക്കുവാൻ വന്ന ഗുരുവിനെ
- മധുരമൂറും മനുഷ്യവചസ്സിനെ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ചൊല്ലി രസിക്കാം

“അഴകിൽ മുങ്ങിയോരിന്ദ്രധനുസ്സിനെ
അലിവുകാട്ടുന്ന കാർമേഘപാളിയെ
നിഴൽ നിരത്തുന്ന നിശ്ശബ്ദരാത്രിയെ
അഴലകറ്റുവാനെത്തും പകലിനെ”

## ഈണം കണ്ടെത്തുക

- സ്നേഹം എന്ന കവിതയ്ക്ക് വ്യത്യസ്ത ഈണങ്ങൾ കണ്ടെത്തി സംഘമായി അവതരിപ്പിക്കുക.

## പദശേഖരം

- പാഠത്തിൽനിന്ന് പുതിയതായി പഠിച്ച പദങ്ങൾ പദശേഖരത്തിൽ ചേർക്കുക.

രാഗം – ......................... – .........................

മാനം – ......................... – .........................

## ചൊല്ലാം എഴുതാം

പന്തളം കേരളവർമയുടെ ‘ഒത്തൊരുമ’ എന്ന കവിതയിലെ ചില വരികൾ കാണുക. വിട്ടുപോയ സ്ഥലങ്ങളിൽ ഉചിതമായ പദങ്ങൾ ചേർത്ത് താളത്തിൽ ചൊല്ലൂ. മറ്റു ജോലികളുമായി ബന്ധിപ്പിച്ച് കൂടുതൽ വരികൾ എഴുതൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പുല്ലുമെടഞ്ഞാൽ പായുണ്ടാകും
കല്ലുപണിഞ്ഞാൽ കെട്ടിടമുണ്ടാം
പഞ്ഞികൾ നൂൽത്താൽ നൂലുണ്ടാകും
നൂലുകൾ നെയ്താൽ മുണ്ടായീടും
ചകിരിപിരിച്ചാൽ ....................................
........................ കൊരുത്താൽ മാലയുമുളവാം
മണ്ണുമെനഞ്ഞാൽ കലമുണ്ടാകും
തുണികളിണച്ചാൽ ..................................
.................................................................
.................................................................
.................................................................
.................................................................



## ഞാൻ കവിത ചൊല്ലിയപ്പോൾ

| | |
|---|---|
| വ്യത്യസ്ത ഈണത്തിൽ കവിതകൾ ചൊല്ലാൻ കഴിയുന്നുണ്ട്. | ☐ |
| ആശയം മനസ്സിലാക്കി ചൊല്ലാൻ കഴിയുന്നുണ്ട്. | ☐ |
| മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കുംവിധം കവിത ചൊല്ലാൻ കഴിയുന്നുണ്ട്. | ☐ |
| കവിതയിലെ സവിശേഷപദങ്ങളും പ്രയോഗങ്ങളും ആസ്വദിക്കാൻ കഴിയുന്നുണ്ട്. | ☐ |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഗാന്ധിജിയുടെ സന്ദേശം

യാത്രയ്ക്കിടയിൽ ഗാന്ധിജി ഒരു ആശ്രമവിദ്യാലയത്തിലെത്തി. സമയം പ്രഭാതം. പുറത്ത് നല്ല മഴ പെയ്യുന്നുണ്ടായിരുന്നു. പഠനം തുടങ്ങേണ്ട സമയമായി.

കുട്ടികൾ ഓരോരുത്തരായി വന്നുതുടങ്ങുന്നതേയുള്ളൂ.

ഗാന്ധിജി ഓരോ കുട്ടിയെയും സൂക്ഷ്മമായി ശ്രദ്ധിക്കുവാൻ തുടങ്ങി. അവർക്കു കാര്യം മനസ്സിലായി.

നേരം വൈകിയതു ശരിയായോ എന്നാണ് ആ നോട്ടത്തിന്റെ അർത്ഥം.

"ബാപ്പുജീ...അങ്ങ് ക്ഷമിക്കണം. മഴ ശല്യം ചെയ്തതുകൊണ്ടാണ് ഞങ്ങൾ വൈകിയത്".





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ഗാന്ധിജിക്ക് ചിരിവന്നു.

"മഴ എങ്ങനെയാണ് കുട്ടികളേ ശല്യമാവുക? അത് അതിന്റെ ജോലി ചെയ്യുകയല്ലേ. എന്നാൽ നമ്മളോ? മഴയെ കുറ്റപ്പെടുത്തുന്നു. നേരം വൈകുന്നു. ജോലി മറക്കുന്നു. അതല്ലേ സത്യം?"

ഒരു വലിയ ചിന്ത കുട്ടികളിൽ രൂപപ്പെട്ടു തുടങ്ങി. അവർ പരസ്പരം നോക്കി തലയാട്ടി.

"ഇനി വൈകിവരില്ല ബാപ്പൂജീ."

എല്ലാവരും ചേർന്നായിരുന്നു അങ്ങനെ പറഞ്ഞത്.

ഗാന്ധിജി അവരോടുള്ള സ്നേഹഭാഷണം തുടർന്നു.

"നിങ്ങളെല്ലാവരും ഖാദി തന്നെയാണല്ലോ ധരിച്ചിരിക്കുന്നത്?"

"അതേ, ബാപ്പൂജീ" അവർ ഒന്നിച്ചു തലയാട്ടി.

കുട്ടികളെല്ലാവരും സ്വദേശിവസ്ത്രം തന്നെയാണ് ധരിച്ചിരുന്നത്. ഗാന്ധിജിക്കു സന്തോഷമായി.

"ഇനി ഞാൻ ചോദിക്കുന്നത് ശ്രദ്ധയോടെ കേൾക്കണം. എന്നിട്ടേ ഉത്തരം പറയാവൂ."

"നിങ്ങളിൽ എത്രപേർ എപ്പോഴും നേര് പറയുന്നുണ്ട്?" ഗാന്ധിജി ചോദിച്ചു.

കുറച്ചു കുട്ടികൾ കൈ പൊക്കി.

"എന്നാൽ വല്ലപ്പോഴും കള്ളം പറയുന്നവർ നിങ്ങളുടെ കൂട്ടത്തിലില്ലേ? അതെത്രപേർ കാണും?"





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

രണ്ടു കുട്ടികൾ പെട്ടെന്നുതന്നെ കൈപൊക്കി.

ഗാന്ധിജി സൗമ്യമായി ചിരിച്ചു.

പിന്നെ മൂന്ന്, നാല് ...

കൈകളങ്ങനെ പൊങ്ങാൻ തുടങ്ങി.

ആശ്രമത്തിലെ അധ്യാപകർക്ക് ആശങ്കയായി. ഗാന്ധിജിക്കെന്തു തോന്നും. കള്ളം പറയുന്ന കുട്ടികൾ പഠിക്കുന്ന വിദ്യാലയത്തെക്കുറിച്ച് അദ്ദേഹം എന്താവും വിചാരിക്കുക?

അപ്പോഴേക്കും മുഴുവൻ കുട്ടികളും കൈ ഉയർത്തിക്കഴിഞ്ഞിരുന്നു.

“മിടുക്കർ”– ഗാന്ധിജി അവരെ അഭിനന്ദിച്ചു.

അധ്യാപകർക്ക് സന്ദേഹമായി.

അധ്യാപകരുടെ മുഖഭാവം ഗാന്ധിജി ശ്രദ്ധിച്ചു.

“വല്ലപ്പോഴും കള്ളം പറയുന്നു എന്ന് കുട്ടികൾ സമ്മതിക്കുന്നു. അത് വലിയൊരു സത്യസന്ധതയല്ലേ?”

കുട്ടികളുടെ മുഖത്ത് സന്തോഷം നിറഞ്ഞു.

ഗാന്ധിജി പറഞ്ഞു: “ഒരിക്കലും കള്ളം പറയരുത്...”

കുട്ടികൾ സമ്മതപൂർവം തലയാട്ടി.

‘‘നിങ്ങൾ നന്നായിവരും’’ ഗാന്ധിജി കുട്ടികളെ ആശിർവദിച്ചു. “നാളത്തെ വലിയ മനുഷ്യരാണ് ഈ കുട്ടികൾ”– ഇങ്ങനെ പറഞ്ഞ് അദ്ദേഹം യാത്രയായി.



## വായിക്കാം കണ്ടെത്താം

- മഴയെ കുറ്റപ്പെടുത്തിയ കുട്ടികളോട് ഗാന്ധിജി എന്താണു പറഞ്ഞത്?
- ആശ്രമവിദ്യാലയത്തിലെ അധ്യാപകർക്ക് ആശങ്ക തോന്നിയത് എന്തുകൊണ്ടാണ്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

- ഗാന്ധിജി കുട്ടികളെ അഭിനന്ദിച്ചത് എന്തിനായിരുന്നു?
- ഗാന്ധിജി നൽകിയ വിലപ്പെട്ട ഉപദേശം എന്താണ്?



## ഗാന്ധിജിയെ അറിയാം

- എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് ഗാന്ധിജി പറഞ്ഞു.
- സത്യം മാത്രമേ പറയാവൂ എന്ന് ഉപദേശിച്ച ഗാന്ധിജി അത് സ്വജീവിതത്തിലും പാലിച്ചിരുന്നു.

  – ഗാന്ധിജിയുടെ ജീവചരിത്രത്തിൽനിന്ന് കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി 'എന്റെ ബാപ്പുജി' എന്ന പേരിൽ കുറിപ്പു തയാറാക്കുക.



## മാതൃകയിലുള്ളതുപോലെ എഴുതുക

- അവൻ നോക്കി. അവന്റെ നോട്ടം കണ്ട് എല്ലാവരും അമ്പരന്നു.
- അവൾ പാടി. അവളുടെ ..........................കേട്ട് മറ്റുള്ളവർ കൈയടിച്ചു.
- രവി നടന്നു. അവന്റെ .......................... വേഗത്തിലായിരുന്നു.

## പകരം പദം

അടിവരയിട്ടിരിക്കുന്ന വാക്കുകൾക്കു പകരമായി ഏതു പദം ചേർക്കാം?

- ഒരു വലിയ ചിന്ത കുട്ടികളിൽ രൂപപ്പെട്ടു തുടങ്ങി.
- ഗാന്ധിജി അവരോടുള്ള ഭാഷണം തുടർന്നു.
- വല്ലപ്പോഴും കള്ളം പറയുന്നവർ നിങ്ങളുടെ കൂട്ടത്തിലില്ലേ?

  (നുണ, വിചാരം, സംസാരം, സന്തോഷം)



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## പദങ്ങൾ കണ്ടെത്താം

- കുട്ടികൾ സ്നേഹപൂർവം ഗാന്ധിജിയെത്തന്നെ നോക്കിനിന്നു. ഇതുപോലെ 'പൂർവം' എന്ന് ചേർന്നുവരുന്ന എത്ര പദങ്ങൾ കണ്ടെത്താം ?
- ഹൃദയപൂർവം
- 

## കുറിപ്പ് തയാറാക്കാം

- ഏതൊക്കെ മഹദ്വ്യക്തികളെക്കുറിച്ച് നിങ്ങൾക്കറിയാം? ഇഷ്ടപ്പെട്ട ഒരു വ്യക്തിയെക്കുറിച്ച് ലഘുകുറിപ്പ് തയാറാക്കി ബാലസഭയിൽ അവതരിപ്പിക്കുക.

## എന്റെ കുറിപ്പ്

| | |
|---|---|
| ആവശ്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. | ☐ |
| ആശയവ്യക്തതയോടെ എഴുതിയിട്ടുണ്ട്. | ☐ |
| തെറ്റുകൂടാതെ എഴുതിയിട്ടുണ്ട്. | ☐ |
| ഉചിതമായ തലക്കെട്ട് നൽകിയിട്ടുണ്ട്. | ☐ |
| നന്നായി അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. | ☐ |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# കേരളപാഠാവലി

## മലയാളം

## ഭാഗം – 2

## സ്റ്റാന്റേർഡ് – 3

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്
2016

KT-603/1 /Malayalam - 3, Vol-2

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.
ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.
ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്ന വരെയും ബഹുമാനിക്കും.
ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.



State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram - 695 012, Kerala.
*Website* www.scert.kerala.gov.in *e-mail* scertkerala@gmail.com

*Typeset and design by* SCERT Computer Lab

First Edition : 2014, Reprint : 2016

© Government of Kerala • Department of Education

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയപ്പെട്ട കൂട്ടുകാരേ,

മലയാളത്തിന്റെ മധുരം നുകരാം.
കളിച്ചും രസിച്ചും പഠിക്കാം.

കഥപറഞ്ഞും പാട്ടുപാടിയും രസിക്കാം.
നമുക്കു ചുറ്റുമുള്ള ലോകത്തെക്കുറിച്ച് അറിയാം.
ഭാവനയുടെ ചിറകിലേറിപ്പറക്കാം.

വായിച്ചും എഴുതിയും അറിവിന്റെ ലോകത്ത്
സ്ഥാനമുറപ്പിക്കാം.

കൂട്ടുകൂടാൻ,
സ്നേഹം പകരാൻ
പഠനം സഹായിക്കട്ടെ.

സ്നേഹാശംസകളോടെ,

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**മടവൂർ ശശി**
തിരുവനന്തപുരം

**കെ.വി. സജേഷ്**
ജി.എൽ.പി.എസ്. മാളിക, വയനാട്

**ടി. അബ്ദുൽ നാസിർ**
ഡയറ്റ്, തൃശൂർ

**രാജേഷ് എസ്. വള്ളിക്കോട്**
ജി.എൽ.പി.എസ്. കൊടുന്തറ
പത്തനംതിട്ട

**ഡോ. ടി.കെ. അബ്ബാസ് അലി**
ഡയറ്റ്, എറണാകുളം

**ജെ. പുഷ്പകുമാരി**
ജി.ഡബ്ല്യൂ.എൽ.പി.എസ്. കണ്ടഞ്ചിറ
കൊല്ലം

**അനിത ഹരി**
ജി.യു.പി.എസ്. രാമപുരം
തിരുവനന്തപുരം

**രമേശ് കാവിൽ**
ജി.എച്ച്.എസ്. ആഴ്ചവട്ടം
കോഴിക്കോട്

**എം. ശ്രീഹർഷൻ**
നമ്പ്രത്ത്കര യു.പി.സ്കൂൾ
കൊയിലാണ്ടി, കോഴിക്കോട്

## ചിത്രകാരന്മാർ

**സന്തോഷ് വെളിയന്നൂർ**

**രാജീവ് എൻ.ടി.,** ജി.എച്ച്.എസ്.എസ്. തരിയോട്, വയനാട്

**ഷാജിമാത്യു** മലയാലപ്പുഴ

## വിദഗ്ധപരിശോധന

**ഡോ. പി. സോമനാഥൻ**, കോഴിക്കോട് സർവകലാശാല

**പ്രൊഫ. പി. നാരായണമേനോൻ**, നന്ദനം, അരിയന്നൂർ

**ഡോ. വിജയൻ ചാലോട്**, എസ്.എസ്.എ., കണ്ണൂർ

**കെ.എം. ഉണ്ണികൃഷ്ണൻ**, ഡയറ്റ്, കണ്ണൂർ

## അക്കാദമിക് കോഡിനേറ്റർ

**ഡോ. പി.കെ. തിലക്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ഉള്ളടക്കം


**6. കളിയും കാര്യവും ................ 75**

പട്ടം .......................................... 76

എലിയും പൂച്ചയും ....................... 83

**7. ഒരു സ്വപ്നം പോലെ ............ 89**

നീലാകാശം ................................. 90

കണ്ണാടിയമ്പുകൾ .......................... 94

വസന്തം വന്നപ്പോൾ .....................101

**8. വെളിച്ചം പകർന്നവർ .......... 107**

ഐക്യഗാഥ ............................... 108

മുൻപേ നടന്നവർ ........................ 112

ഖലീഫയുടെ കൊട്ടാരം ................ 118

**9. അറിയാൻ, അറിയിക്കാൻ ....... 125**

വാർമഴവില്ലേ..............................126

ആകാശവാണി ............................ 130


KT-603/2 /Malayalam - 3, Vol-2

Downloaded from https:// www.studiestoday.com


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

6

# കളിയും കാര്യവും




- ഈ കളി ഏതാണ്?
- നിങ്ങൾക്കിഷ്ടപ്പെട്ട കളികൾ ഏതെല്ലാം? എന്തുകൊണ്ട്?

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# പട്ടം



നല്ല വണ്ണവും നല്ല പൊക്കവുമുള്ള ഒരു കുട്ടി പട്ടം പറപ്പിക്കുകയാണ്. പെട്ടെന്ന് പട്ടമൊരു മരത്തിന്റെ അറ്റത്തെക്കൊമ്പിൽ തങ്ങി. ഒരു കരടിക്കുട്ടി ആ മരത്തിന്മേലിരിക്കുന്നുണ്ട്.

മനുഷ്യക്കുട്ടി ആ കരടിയോട് പറഞ്ഞു: "ആ പട്ടമൊന്ന് താഴെയിട്ടു തരൂ."

കരടിക്കുട്ടിക്കു മനുഷ്യരുടെ ഭാഷയറിയില്ല. അതിനാൽ, അവൻ കുട്ടിയുടെ നേരെ മിഴിച്ചു നോക്കിക്കൊണ്ട് ഇളിച്ചുകാട്ടി.

"നീയെടുത്തു തന്നില്ലെങ്കിൽ വേണ്ട. ഞാൻ തന്നെ കയറിവന്നെടുക്കാം."

കുട്ടി വിളിച്ചു പറഞ്ഞുകൊണ്ട് മരത്തിന്മേലേക്ക് കയറാൻ തുടങ്ങി.

ഒരു മനുഷ്യക്കുട്ടി താനിരിക്കുന്ന മരത്തിന്മേലേക്ക് കയറിവരുന്നത്





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

കരടിക്കുട്ടിക്ക് ഇഷ്ടപ്പെട്ടില്ല.
അതിനാൽ അവൻ കുട്ടിയെ പേടിപ്പിച്ച്
താഴെയിറക്കാൻ മുരണ്ടുകൊണ്ടിരുന്നു. എന്നിട്ടും
കുട്ടി വരികതന്നെയാണെന്നു കണ്ട് കരടിക്കുട്ടി
കൂടുതൽ ഉച്ചത്തിൽ മുരളുകയും കൂടുതൽ വേഗം
മേലോട്ട് കയറുകയും ചെയ്തുകൊണ്ടിരുന്നു.
അങ്ങനെ കയറിക്കയറി മനുഷ്യക്കുട്ടിയും
കരടിക്കുട്ടിയും മരത്തിന്റെ ഒത്ത മുകളിലെത്തലും
താഴെ വീഴലും ഒന്നിച്ചു കഴിഞ്ഞു.

കരടിക്കുട്ടി കാല് തെറ്റി വീണതല്ല.
മനുഷ്യക്കുട്ടി പിടിവിട്ട് വീണതല്ല.

അവരിരുവരുടെയും തടി താങ്ങാനാകാതെ
മരക്കൊമ്പൊടിഞ്ഞു വീണതാണ്.


വീണ ഉടനെ ഇടവും വലവും നോക്കാതെ
കരടിക്കുട്ടി പാഞ്ഞു.

പട്ടമെടുത്ത് ആകാവുന്നത്ര വേഗം മനുഷ്യക്കുട്ടിയും
വീട്ടിലേക്കോടി.

സംഭവമെല്ലാം കേട്ടുകഴിഞ്ഞപ്പോൾ തള്ളക്കരടി
പറഞ്ഞു. “കൊച്ചുരസികാ, നീയൊരു നല്ല കഥ
കെട്ടിയുണ്ടാക്കിയല്ലോ!”

മനുഷ്യക്കുട്ടിയുടെ അമ്മ പറഞ്ഞതിങ്ങനെയാണ്:
“പട്ടം പറപ്പിക്കാൻ കാട്ടിലേക്ക് പോയത് തെറ്റ്.
കരടിയുള്ള മരത്തിന്മേൽ കയറിയത് വലിയ തെറ്റ്.
വീണിട്ട് കാലൊടിയാഞ്ഞത് ഭാഗ്യം. കരടി നിന്നെ
കൊന്നു തിന്നാഞ്ഞത് മഹാഭാഗ്യം!!”

**– കുഞ്ഞുണ്ണി**






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## അഭിനയിക്കാം

ഈ സന്ദർഭങ്ങൾ കഥയിൽനിന്ന് കണ്ടെത്തൂ, അഭിനയിച്ച് അവതരിപ്പിക്കൂ.

- കുട്ടി പട്ടം പറപ്പിക്കുകയാണ്.
- കുട്ടി മരത്തിൽ കയറുകയാണ്.
- കുട്ടിയെ പേടിപ്പിക്കാൻ കരടിക്കുട്ടി മുരണ്ടുകൊണ്ടിരുന്നു.
- വീണ ഉടനെ ഇടവും വലവും നോക്കാതെ കരടിക്കുട്ടി പാഞ്ഞു.

## വായിക്കാം കണ്ടെത്താം

- മരത്തിൽ കരടിക്കുട്ടിയെ കണ്ട കുട്ടിയുടെ ചിന്തകൾ എന്തൊക്കെയാവും?
- കുട്ടി മരത്തിൽക്കയറാൻ തുടങ്ങിയപ്പോൾ കരടിക്കുട്ടി ഭയപ്പെടാൻ കാരണം എന്തായിരിക്കും?
- "കരടിക്കുട്ടിക്ക് മനുഷ്യരുടെ ഭാഷ അറിയില്ല."

  കുട്ടി സംസാരിക്കുന്നതു കേട്ടപ്പോൾ കരടിക്കുട്ടി എന്തൊക്കെയാവും ചിന്തിച്ചിട്ടുണ്ടാവുക?

## പറയാം പറയാം

- വീട്ടിലെത്തിയ കുട്ടി അമ്മയോട് എന്തൊക്കെയാവും പറഞ്ഞിട്ടുണ്ടാവുക?

  രണ്ടു പേരായി തിരിഞ്ഞ് പറയൂ. (ഒരാൾ കുട്ടി, ഒരാൾ അമ്മ.)

## ഇഷ്ടപ്പെട്ടതേത്?

തള്ളക്കരടി പറഞ്ഞതും അമ്മ പറഞ്ഞതും വായിച്ചല്ലോ.
ആരു പറഞ്ഞതാണ് നിങ്ങൾക്ക് കൂടുതൽ ഇഷ്ടപ്പെട്ടത്? എന്തുകൊണ്ട്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## സംഭാഷണം എഴുതാം

മനുഷ്യരുടെ ഭാഷ അറിയാമായിരുന്നെങ്കിൽ കരടിക്കുട്ടിയും മനുഷ്യക്കുട്ടിയും തമ്മിൽ എന്തൊക്കെയാവും സംസാരിച്ചിട്ടുണ്ടാവുക?

കരടിക്കുട്ടി : ഏയ്, നീയെന്തിനാണ് മരത്തിലേക്ക് കയറി വരുന്നത്?

മനുഷ്യക്കുട്ടി : ...........................................................................

കരടിക്കുട്ടി : ...........................................................................

മനുഷ്യക്കുട്ടി : ...........................................................................

## ഡയറി എഴുതാം

കുട്ടിയുടെ ജീവിതത്തിൽ ദിവസവും രസകരമായ ഒരുപാടു സംഭവങ്ങൾ ഉണ്ടാവുന്നുണ്ട്. കരടിക്കുട്ടിയെ കണ്ട ദിവസം കുട്ടി തന്റെ ഡയറിയിൽ എന്തൊക്കെയാവും എഴുതിയിട്ടുണ്ടാവുക?

## പദങ്ങൾ കണ്ടെത്താം

'കയറിക്കയറി' എന്ന പദം ശ്രദ്ധിച്ചുവല്ലോ. ഇതുപോലുള്ള മറ്റു പദങ്ങൾ എഴുതുക. ഉദാഹരണം : ചാടിച്ചാടി

...........................................................................

...........................................................................

## ഉറക്കെ വായിക്കാം

കഥ മറ്റുള്ളവർക്ക് വ്യക്തമാകുന്ന വിധത്തിൽ വായിക്കുക. വായനയിൽ നിങ്ങൾക്ക് ഇഷ്ടമായത് എന്തെല്ലാം?

- ഉറക്കെ വായിച്ചത്
- 
- 



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## പട്ടം നിർമ്മിക്കാം



എങ്ങനെയാണ് പട്ടം നിർമ്മിക്കുന്നത്? കൂട്ടുകാരുമായി ആലോചിക്കൂ. അധ്യാപികയുടെ സഹായത്തോടെ പട്ടം ഉണ്ടാക്കാൻ ശ്രമിക്കുമല്ലോ. നിർമ്മിച്ച രീതി വിവരിച്ചെഴുതൂ.



## സങ്കൽപ്പിച്ചെഴുതാം



പട്ടം പറത്തിക്കൊണ്ടിരിക്കുന്ന കുട്ടിക്ക് പട്ടത്തിൽക്കയറി സഞ്ചരിക്കാൻ തോന്നി. പട്ടത്തിൽക്കയറിയ കുട്ടി കണ്ട കാഴ്ചകൾ എന്തൊക്കെയായിരിക്കും?

## ഭാഗ്യം, മഹാഭാഗ്യം

"കാലൊടിയാഞ്ഞത് ഭാഗ്യം. കരടി നിന്നെ കൊന്നു തിന്നാഞ്ഞത് മഹാഭാഗ്യം!!"

ഇതുപോലെ നിങ്ങൾ പറയാറുണ്ടോ?

ഒരു മാതൃക നോക്കുക :

> നിങ്ങളെ കാണാൻ കഴിഞ്ഞതിൽ സന്തോഷം. ഒപ്പം ഭക്ഷണം കഴിക്കാൻ കഴിഞ്ഞതിൽ വളരെ സന്തോഷം.

ഇതുപോലുള്ള വാക്യങ്ങൾ നിർമ്മിക്കുക.

..........................................................................................

..........................................................................................


..........................................................................................

..........................................................................................



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പാടാം കളിക്കാം

ഈ കവിതാഭാഗം
ചൊല്ലിക്കൊണ്ട് സംഘമായി കളിക്കൂ.

“പൈങ്കിളിയേ! പൈങ്കിളിയേ!
കളിയാടീടാൻ വരുമോ നീ?”
“പാടില്ലാ, ചുള്ളികളാൽ
കൂടുചമയ്ക്കാൻ പോകുന്നു.”

“വണ്ടത്താനേ! വണ്ടത്താനേ!
കളിയാടീടാൻ വരുമോ നീ?”
“പാടില്ലാ, പൂക്കളിലെ-
ത്തേൻ നുകരാൻ പോകുന്നു.”

“കുട്ടിക്കന്നേ! കുട്ടിക്കന്നേ!
കളിയാടീടാൻ വരുമോ നീ?”
“പാടില്ലാ, കാടുകളിൽ
മേയാനായ്പ്പോകുന്നു.”

“ചെറുനായേ! ചെറുനായേ!
കളിയാടീടാൻ വരുമോ നീ?”
“പാടില്ലാ, യജമാന്റേ
വാതിലു കാക്കാൻ പോകുന്നു.”

കളിയാതേ വേലയ്ക്കായ്
എല്ലാരും പോയപ്പോൾ
നാണിച്ചാച്ചെറുപയ്യൻ
പോയല്ലോ കളരിയിലും.

– പന്തളം കേരളവർമ്മ







Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പട്ടം പറയുന്നത്

ഞാൻ വെറുമൊരു കടലാസായിരുന്നു.....................................



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# എലിയും പൂച്ചയും

ഒരു മാർജാരം വനഭുവി രാത്രിയി-
ലിരയും തെണ്ടി നടക്കുന്നേരം
തരസാ ചെന്നൊരു വലയിൽച്ചാടി
കരവും കാലുമിളക്കാൻമേലാ;
പരവശനപ്പോൾ ങ്യാവൂ, ങ്യാവൂ,
കരവൂതും ചെയ്തവിടെ വലഞ്ഞു.
അരികേയുള്ളൊരു പോട്ടിലിരിക്കും
പെരുതായുള്ളൊരു മൂഷികനപ്പോൾ
അരിയായുള്ളൊരു പൂച്ചത്തടിയൻ
കരയുന്നതു കേട്ടൊന്നു വിരണ്ടു,
ഉരിയാടാതെ മുഖം കാട്ടുന്നതു-
മൊരുകുറി കണ്ടാൻ പൂച്ചയുമപ്പോൾ
സരസതയോടു വിളിച്ചാനവനെ-
"പ്പരവശനായ് ഞാൻ മൂഷികവീര!
വലയിൽ ചാടി വലഞ്ഞിതു ഞാനൊരു
ഫലമില്ലാതെ മരിപ്പാറായി,
എലിയും പൂച്ചയുമന്യോന്യം ബഹു






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

കലഹികളെന്നൊരു ചൊല്ലതുകൊള്ളാം
കലഹമെനിക്കു ഭവാനോടില്ലതു
നലമൊടു നീയിഹ ബോധിക്കേണം,
വലയുടെ ചരടു കടിച്ചുമുറിപ്പാൻ
പലപല കൗശലമങ്ങുണ്ടല്ലോ
എലിയെന്നല്ല ഭവാനൊരു ദശയിൽ
പുലിയെക്കാളതി വമ്പനതാകും."
പലവിധമിങ്ങനെ മാർജാരകനുടെ
പരവശവാക്കുകൾ കേട്ടൊരുനേരം
എലിയതു ബോധിച്ചരികേ ചെന്നഥ
വല കണ്ടിപ്പാൻ വട്ടംകൂടി.

(ഘോഷയാത്ര) – കുഞ്ചൻനമ്പ്യാർ



## പദശേഖരം

| | | | |
|---|---|---|---|
| മാർജാരം | - പൂച്ച | അരി | - ശത്രു |
| മൂഷികൻ | - എലി | ഉരിയാടുക | - പറയുക |
| തരസാ | - പെട്ടെന്ന് | കലഹം | - വഴക്ക് |
| വനഭുവി | - കാട്ടുപ്രദേശം | ദശ | - അവസരം |
| പരവശൻ | - ക്ഷീണിതൻ | കരവൂതും | - കരയുകയും |
| കരം | - കൈ | കണ്ടിക്കുക | - മുറിക്കുക |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## വരികൾ കണ്ടെത്താം

- എലിയും പൂച്ചയും വലിയ ശരീരമുള്ളവരാണ് എന്നു സൂചിപ്പിക്കുന്ന വരികൾ.
- കാര്യം കാണാനായി പൂച്ച എലിയെ പ്രശംസിക്കുന്ന വരികൾ.
- എലിക്ക് പൂച്ചയെ രക്ഷിക്കാൻ വലിയ താൽപ്പര്യമില്ലായിരുന്നു എന്നു സൂചന ലഭിക്കുന്ന വരികൾ.



## ഉത്തരം കണ്ടെത്താം




- വലയിൽ ചാടിയ പൂച്ച അനുഭവിച്ച പ്രയാസങ്ങൾ എന്തെല്ലാം?
- എലി ഉരിയാടാതെ മുഖം കാട്ടിയത് എന്തുകൊണ്ടായിരിക്കും?
- “സരസതയോടു വിളിച്ചാനവനെ..” യഥാർഥത്തിൽ പൂച്ച എലിയെ സരസമായി വിളിക്കുന്ന പതിവുണ്ടോ?
  എന്നിട്ടും അങ്ങനെ വിളിച്ചത് എന്തുകൊണ്ടാവാം?
- എലിയെ പ്രശംസിച്ചുകൊണ്ട് പൂച്ച പറയുന്ന വാക്കുകൾ ഏതെല്ലാം? എന്തിനാണങ്ങനെ പ്രശംസിക്കുന്നത്?
- സഹായമാവശ്യപ്പെട്ടപ്പോൾ എലി എന്താവും ചിന്തിച്ചിട്ടുണ്ടാവുക?



## അഭിനയിക്കാം

- പൂച്ച നടന്നുനടന്ന് വലയിൽ കുടുങ്ങുന്നത്.
- പൂച്ച എലിയെ വിളിക്കുന്നത്.
- എലി വല കടിച്ചുമുറിക്കുന്നത്.





## സംഭാഷണം എഴുതാം

പൂച്ച എലിയോട് സഹായം അപേക്ഷിക്കുന്നു. അപ്പോൾ അവർ തമ്മിൽ നടക്കാനിടയുള്ള സംഭാഷണം എഴുതുക.



പൂച്ച : ..........................................................................................

എലി : ..........................................................................................

പൂച്ച : ..........................................................................................







Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

എലി : ..................................................................................................

പൂച്ച : ..................................................................................................

എലി : ..................................................................................................

## കഥ തുടരാം


- പൂച്ച രക്ഷപ്പെട്ട ശേഷം എന്തൊക്കെയാവും സംഭവിച്ചിട്ടുണ്ടാവുക?
- പൂച്ച എലിക്ക് പ്രത്യുപകാരം ചെയ്ത കഥയുണ്ടാക്കാം.

## കഥ കേട്ടെഴുതാം

'പൂച്ചയ്ക്കാരു മണികെട്ടും' എന്ന കഥ കേട്ടിട്ടുണ്ടോ?
ആ കഥ സ്വന്തം ഭാഷയിൽ എഴുതുക.

## എത്രയെത്ര കഥകൾ

- 'ടോം ആന്റ് ജെറി' കഥയിൽ ഏതെങ്കിലും ഒരെണ്ണം പറയാമോ?





## ഈണം നൽകുക

- കവിത തുള്ളൽപ്പാട്ടിന്റെ ഈണത്തിൽ ചൊല്ലുക.
- മറ്റേതെങ്കിലും ഈണത്തിൽ ഈ കവിത ചൊല്ലിനോക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com


## ചൊല്ലി രസിക്കാം

- പാണ്ടൻനായുടെ പല്ലിനു ശൗര്യം
  പണ്ടേപ്പോലെ ഫലിക്കുന്നില്ല.
- മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും
  കല്ലിനുമുണ്ടാമൊരു സൗരഭ്യം
- ലക്ഷം മാനുഷർ കൂടുമ്പോഴതിൽ
  ലക്ഷണമൊത്തവരൊന്നോ രണ്ടോ

ഇതുപോലെ കുഞ്ചൻനമ്പ്യാരുടെ പ്രസിദ്ധമായ വരികൾ ശേഖരിച്ച് പതിപ്പ് തയാറാക്കുക.

## ചിത്രത്തിൽനിന്ന് കഥ

വലയിൽ അകപ്പെട്ട സിംഹത്തെ എലി സഹായിച്ചിരിക്കുമോ? ഒരു കഥ എഴുതുക.



## ശേഖരിക്കാം

കുഞ്ചൻനമ്പ്യാരുമായി ബന്ധപ്പെട്ട ഫലിതം കലർന്ന ചില കഥകൾ ശേഖരിക്കുക.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## വരയ്ക്കാം

പൂച്ചയും എലിയും സംസാരിച്ചുകൊണ്ട് നടക്കുകയാണ്.
ചിത്രത്തിൽ എലിയെ വരച്ചു ചേർക്കുക.
ചിത്രത്തിന് ഒരു അടിക്കുറിപ്പ് നൽകുക.



## എന്റെ അഭിനയം

| | |
|---|---|
| • കഥാപാത്രങ്ങളുടെ ചലനങ്ങൾ നന്നായി അവതരിപ്പിക്കാൻ സാധിച്ചു. | |
| • കഥയിലെ സന്ദർഭങ്ങളെ സംഭാഷണങ്ങളാക്കി മാറ്റാൻ കഴിഞ്ഞു. | |
| • സംഭാഷണങ്ങൾ ഭംഗിയായി അവതരിപ്പിച്ചു. | |
| • യോജിച്ച വേഷം, മുഖംമൂടി തുടങ്ങിയവ ഉപയോഗിച്ചു. | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



7

# ഒരു സ്വപ്നം പോലെ



ചിത്രം നോക്കി കഥകൾ ഉണ്ടാക്കൂ.

KT-603/3 /Malayalam - 3, Vol-2

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# നീലാകാശം

അതിരില്ലാതെ പരന്നുകിടപ്പു-
ണ്ടാകാശം, നീലാകാശം
അവിടെപ്പക്ഷികണക്കേ പായാൻ
കവിയുന്നുണ്ടേ മോഹം
ചിറകില്ലാതെ പറക്കാനാമോ
ചിന്താശൂന്യതയല്ലേ?
ഗഗനരഥത്തിൽ കയറിപ്പോകാം
ഗതിയില്ലല്ലോ വേറെ
എന്നാലെന്റെ മനസ്സിനു ചെല്ലാ-
മെല്ലാദ്ദിക്കിലുമൊപ്പം
ചിറകില്ലാതെ, രഥമില്ലാതെ
പാറാനെങ്ങനെയാവും?
ആരു കൊടുത്തൂ ശക്തി മനസ്സിനു
ദൂരം തരണംചെയ്‌വാൻ?

**-വെണ്ണിക്കുളം ഗോപാലക്കുറുപ്പ്**





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ഉത്തരം കണ്ടെത്താം

- ആകാശത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
- എന്താവാം ചിന്താശൂന്യമായ മോഹം?
- "നീലാകാശത്തിൽ പക്ഷികണക്കേ പായാൻ മോഹം" – മോഹം എങ്ങനെ സാധിക്കുമെന്നാണ് കുട്ടി സങ്കൽപ്പിക്കുന്നത്?
- എന്താണ് മനസ്സിനുള്ള ശക്തി?

## തലക്കെട്ട് നൽകാം

- ഈ കവിതയ്ക്ക് ചേരുന്ന മറ്റൊരു തലക്കെട്ട് നൽകുക.

## ഈണം കണ്ടെത്താം

- കവിതയ്ക്ക് യോജിച്ച ഈണം കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുക.

## മോഹങ്ങൾ എഴുതാം

- ♦ കവിതയിലെ കുട്ടിയെപ്പോലെ നിങ്ങൾക്കും മോഹങ്ങളില്ലേ?
- ♦ ആരായിത്തീരാനാണ് ആഗ്രഹം?
- ♦ എന്തുകൊണ്ടാണ് അങ്ങനെ ആഗ്രഹിക്കുന്നത്?

## വരികൾ കൂട്ടിച്ചേർക്കാം

കാടും മേടും കാട്ടാറും
കൂട്ടരെ നോക്കിച്ചൊല്ലുന്നു
എന്തൊരു സുഖമാണീ വഴി വന്നാൽ
പാട്ടും പാടിക്കളിയാടാം

..........................................................................................

..........................................................................................

..........................................................................................



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ചൊല്ലി രസിക്കാം

- ചിറകു കുരുത്തു തുടങ്ങും മുമ്പൊരു
  ചിന്നക്കുരുവി നിനയ്ക്കുന്നു
  നീലാകാശം കൂട്ടിന്നരികെ
  നിന്നു പതുക്കെ വിളിക്കുന്നു.

- എല്ലാ നാളും മണ്ണിൽ നടപ്പതി-
  നില്ലൊരു കുതുകം നിരുപിച്ചാൽ
  മാനത്തൊന്നു പറക്കാതങ്ങനെ
  ഞാനമരുന്നതു ശരിയാമോ?

- കുണ്ടിലിരിക്കും തവളക്കുഞ്ഞിനു
  കുന്നിൻ മീതെ പറക്കാൻ മോഹം.



## വാക്കുകൾ വേർതിരിക്കുക

ഉദാ: പരന്നുകിടപ്പുണ്ടാകാശം - പരന്ന് + കിടപ്പുണ്ട് + ആകാശം

- അവിടെപ്പക്ഷികണക്കേ :

- കവിയുന്നുണ്ടേ :

- ചെല്ലാമെല്ലാദിക്കിലും :

- പാറാതെങ്ങനെയാവും :



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പകരം പദം കണ്ടെത്താം

താഴെ കൊടുത്ത പദങ്ങൾക്കു പകരം കവിതയിൽ ഉപയോഗിച്ച വാക്കുകൾ കണ്ടെത്തി എഴുതുക.

- ആകാശം : ഗഗനം
- തേര് : ..................................................................
- വഴി : ..................................................................
- അതിർത്തി : ..................................................................
- ഓടുക : ..................................................................
- മറികടക്കുക : ..................................................................

## കഥ കേൾക്കാം

- പാഠത്തിന്റെ ആദ്യഭാഗത്തു നൽകിയ ചിത്രം നോക്കി എഴുതിയ കഥകൾ മെച്ചപ്പെടുത്തി ബാലസഭയിൽ അവതരിപ്പിക്കുക.



## വിലയിരുത്താം

| | |
|---|---|
| ♦ കവിതയ്ക്ക് യോജിച്ച ഈണം കണ്ടെത്താൻ എനിക്ക് കഴിയും. | |
| ♦ ചിത്രത്തിൽ നിന്ന് ഒരു കഥയുണ്ടാക്കാൻ എനിക്ക് സാധിച്ചു. | |
| ♦ തന്നിരിക്കുന്ന വരികളുടെ തുടർച്ചയെഴുതാൻ എനിക്ക് കഴിയും. | |
| ♦ പദങ്ങൾ പിരിച്ചെഴുതാനും കൂട്ടിച്ചേർക്കാനും എനിക്ക് സാധിച്ചിട്ടുണ്ട്. | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# കണ്ണാടിയമ്പുകൾ

പ്രാചീനഗ്രീസിലെ ഐശ്വര്യപൂർണമായ ഒരു കൊച്ചുരാജ്യമായിരുന്നു സെറാക്യൂസ്.

അധ്വാനികളും സമാധാനപ്രിയരുമായ ജനങ്ങൾ.

അവരിൽ കുറേപ്പേർ കൃഷിക്കാരായിരുന്നു. മറ്റുചിലർ കടലിൽനിന്ന് മീൻ പിടിച്ചു.

ഹെറോൺ രാജാവിന്റെ ഭരണത്തിൽ അവർ സന്തോഷത്തോടെ ജീവിച്ചു.

അങ്ങനെയിരിക്കെയാണ് ആ വാർത്തയെത്തിയത്. മീൻ പിടിക്കാൻ പോയ ചിലരാണ് വാർത്ത കൊണ്ടുവന്നത്. കുറേ കപ്പലുകൾ സെറാക്യൂസിലേക്കു നീങ്ങുന്നു!

സെറാക്യൂസ്സൈന്യത്തിന്റെ തലവനും ചില പടയാളികളും അടുത്തുള്ള കുന്നിൻ മുകളിലേക്ക് ഓടി. അവിടെ നിന്ന് ദൂരദർശിനിയിലൂടെ കടലിലേക്ക് നോക്കി.

ശരിയാണ്, കുറേ കപ്പലുകൾ സെറാക്യൂസ് ലക്ഷ്യമാക്കി വരുകയാണ്. കപ്പലുകൾക്ക് മുകളിൽ പറക്കുന്ന കൊടികൾ കണ്ട സൈന്യാധിപന്റെ ചുണ്ടുകൾ മന്ത്രിച്ചു: “റോമാക്കാർ”

രാജാവിനെ വിവരം ധരിപ്പിച്ചു.

അദ്ദേഹം മന്ത്രിമാരെയും സൈന്യാധിപനെയും വിളിച്ചുചേർത്തു.

റോമാക്കാരെ നേരിടാനുള്ള ശക്തി അവർക്കില്ല.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

കാരണം, സെറാക്യൂസിന്റെ സൈന്യം വളരെ ചെറുതായിരുന്നു.


ഇങ്ങനെയൊരു വിഷമസന്ധിയെക്കുറിച്ച് ഇതിനു മുമ്പ് ചിന്തിച്ചിട്ടേയില്ല. ഇനി എന്തു ചെയ്യും? രാജ്യത്തെയും ജനങ്ങളെയും രക്ഷിച്ചേ തീരൂ. അതിനെന്താണൊരു വഴി...?

"ആർക്കിമെഡസ്... ആർക്കിമെഡസിനെ വിളിക്കൂ. എന്തെങ്കിലും വിദ്യ അദ്ദേഹം കാണാതിരിക്കുമോ?"

പണ്ട് പല വിഷമപ്രശ്നങ്ങളിൽനിന്നും രാജാവിനെ രക്ഷിച്ചത് ആർക്കിമെഡസ് ആയിരുന്നു; അതീവ ബുദ്ധിശാലി.

"എങ്കിലും ഇത്രയും വലിയ സൈന്യത്തെ നേരിടാൻ ആർക്കിമെഡസിന് എങ്ങനെ കഴിയും?" സൈന്യാധിപന് അപ്പോഴും സംശയമായിരുന്നു.

ആർക്കിമെഡസ് രാജസന്നിധിയിൽ എത്തി. അദ്ദേഹം വിവരങ്ങളൊക്കെ അറിഞ്ഞുകഴിഞ്ഞിരുന്നു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



‘അരമനരഹസ്യം അങ്ങാടിപ്പാട്ട്’ എന്നാണല്ലോ.

“ആർക്കിമെഡസ്, എന്തു ചെയ്യാൻ കഴിയും നമുക്ക്?” രാജാവ് ചോദിച്ചു.

കുറച്ചുനേരം എന്തോ ആലോചിച്ചിട്ട് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു:

“പ്രഭോ, റോമാക്കാരെ തുരത്തിയോടിക്കാം; ചില സാധനങ്ങൾ കിട്ടുകയാണെങ്കിൽ.” ആർക്കിമെഡസ് പറഞ്ഞ സാധനങ്ങൾ എല്ലാം തയാറായി. അതുകണ്ട് സൈന്യാധിപൻ ചിരിയടക്കാൻ പാടുപെട്ടു...

കുറേ വലിയ കണ്ണാടികളും പിന്നെ കുറേ മരക്കാലുകളും. സൈന്യാധിപൻ അൽപ്പം പരിഹാസത്തോടെ പറഞ്ഞു:
“നല്ല ആയുധങ്ങൾ! ഇതുകൊണ്ടാണോ റോമാക്കാരെ തോൽപ്പിക്കുന്നത്? ഇതു മുഖം നോക്കാനല്ലേ കൊള്ളൂ.”

ആർക്കിമെഡസ് ഒന്നും പറഞ്ഞില്ല.

കണ്ണാടികളും മരക്കാലുകളും ചുമന്നുകൊണ്ട്



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ആർക്കിമെഡിസും കൂട്ടരും കുന്നിൻമുകളിലേക്ക് കയറിപ്പോയി. എന്തായിരിക്കും ആർക്കിമെഡിസ് ചെയ്യാൻ പോകുന്നത്? രാജസദസ്സിൽ ചർച്ചയായി.

അദ്ദേഹം ഇതുവരെ പറഞ്ഞ കാര്യങ്ങളെല്ലാം ചെയ്തുകാണിച്ചിട്ടുണ്ട്. പക്ഷേ, ഇക്കാര്യത്തിൽ വിജയിക്കുമെന്ന് ആർക്കും ഒരുറപ്പും ഉണ്ടായിരുന്നില്ല.

ചെറുതെങ്കിലും വീരന്മാർ ഉൾക്കൊള്ളുന്ന സെറാക്യൂസിന്റെ സൈന്യം കടൽക്കരയിലെത്തി എന്തിനും തയാറായി നിന്നു.

റോമാക്കാരെ ദൂരെ കടലിൽ കണ്ടു തുടങ്ങി. നിരനിരയായി കുറേ കപ്പലുകൾ. മുകൾത്തട്ടുകളിൽ ആയുധങ്ങളേന്തിയ പടയാളികൾ.

റോമാക്കാർ ആവേശത്തിലാണ്. എത്രയും പെട്ടെന്ന് സെറാക്യൂസിലെത്തണം. അവർക്കെന്തു ചെയ്യാൻ കഴിയും? നിഷ്പ്രയാസം കീഴടക്കാം. മുന്നോട്ട്...മുന്നോട്ട്..... വേഗം.

പെട്ടെന്ന് സൂര്യൻ അവർക്കുനേരെ കത്തിജ്ജ്വലിച്ചു.

“എന്ത്? എന്താണത്?”


റോമാക്കാരുടെ സൈന്യത്തെ വഹിച്ചുകൊണ്ട് മുമ്പേ പോയിരുന്ന കപ്പലിന് എന്തു പറ്റി?

അതിൽ തീ ആളിക്കത്തുന്നു.

പിന്നാലെയുള്ള കപ്പലുകളിലും തീ പടരുന്നു.

പടയാളികൾ കടലിലേക്ക് ചാടുന്നു.

എന്താണ് സംഭവിക്കുന്നതെന്ന് ആർക്കും മനസ്സിലായില്ല. തീപ്പന്തങ്ങളൊന്നും കപ്പലിലേക്കു വരുന്നതു കണ്ടില്ല.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പിന്നെങ്ങനെ?
എങ്ങനെ?

പിറകേ വന്ന കപ്പലുകൾക്ക് രക്ഷപ്പെട്ടാൽ മതിയെന്നായി. അവർ തിരിച്ചു പോകാൻ തുടങ്ങി.

കരയിൽ നിൽക്കുന്ന സെറാക്യൂസ് സൈനികർ ആർത്തുവിളിച്ചു. പക്ഷേ, അവർക്കും മനസ്സിലായില്ല, എന്താണ് സംഭവിച്ചതെന്ന്.


ഹെറോൺ രാജാവ് ഈ സന്തോഷവാർത്ത അറിഞ്ഞു.

"ഇത് ആർക്കിമെഡസിന്റെ വിദ്യയാണ്. സംശയമില്ല. എന്താണ് വിദ്യ?" രാജാവ് ആർക്കിമെഡസിന്റെ അടുത്തെത്തി. അവിടെ ചില തൂണുകളിൽ വലിയ കണ്ണാടികൾ ഉറപ്പിച്ചിരിക്കുന്നു.

"ആർക്കിമെഡസ്, അങ്ങ് എന്താണ് ചെയ്തത്? എങ്ങനെയാണ് ആ കപ്പലുകൾക്ക് തീപിടിച്ചത്?" രാജാവിന് ജിജ്ഞാസ അടക്കാനായില്ല.

"അതു വളരെ ലളിതമാണ് പ്രഭോ. ഉള്ളിലേക്ക് വളഞ്ഞ കണ്ണാടിയിൽ സൂര്യരശ്മികൾ തട്ടിച്ചാൽ അത് ഒരു സ്ഥലത്ത് കേന്ദ്രീകരിക്കും. ആ സ്ഥലത്ത് ചൂടു വളരെ കൂടും. തീപിടിക്കും. ഞങ്ങൾ അത് റോമാക്കാരുടെ കപ്പലുകളിൽ കേന്ദ്രീകരിച്ചു. അത്രതന്നെ–" ആർക്കിമെഡസ് പറഞ്ഞു.

"കൊള്ളാം, സൂര്യനാണ് ഈ കണ്ണാടിയമ്പുകൾ ഉപയോഗിച്ച് നമ്മുടെ ശത്രുക്കളെ തുരത്തിയത് അല്ലേ?"രാജാവ് ആഹ്ലാദത്തോടെ പറഞ്ഞു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഉത്തരം കണ്ടെത്താം

- സെറാക്യൂസിലെ ജനങ്ങളുടെ ജീവിതം എങ്ങനെയുള്ളതായിരുന്നു?
- കപ്പൽപ്പട വരുന്ന വിവരം കൊട്ടാരത്തിൽ അറിയിച്ചത് ആരാണ്?
- റോമാക്കാരാണ് വരുന്നതെന്ന് സൈന്യാധിപൻ തിരിച്ചറിഞ്ഞത് എങ്ങനെ?
- റോമാസൈന്യത്തെ നേരിടാൻ ഹെറോൺ രാജാവ് ആർക്കിമെഡസിനെ ആശ്രയിച്ചത് എന്തുകൊണ്ട്?
- ശത്രുസൈന്യത്തെ നേരിടാനായി എന്തൊക്കെ സാധനങ്ങൾ ആയിരിക്കും ആർക്കിമെഡസ് ആവശ്യപ്പെട്ടത്?
- ആർക്കിമെഡസിന്റെ ആവശ്യം കേട്ട സൈന്യാധിപൻ പരിഹാസത്തോടെ ചിരിക്കാൻ കാരണമെന്ത്?
- സെറാക്യൂസിനെ എളുപ്പത്തിൽ കീഴടക്കാമെന്ന് റോമാക്കാർ കരുതാൻ കാരണമെന്ത്?
- റോമാക്കാരുടെ കപ്പലുകൾക്ക് തീപിടിച്ചതെങ്ങനെ?

## തലക്കെട്ട്

- 'കണ്ണാടിയമ്പുകൾ' എന്ന തലക്കെട്ടിനു പകരം ഈ കഥയ്ക്ക് മറ്റൊരു തലക്കെട്ട് നൽകൂ.
  ആ തലക്കെട്ട് നൽകാൻ എന്താണ് കാരണം?



## ഉറക്കെ വായിക്കാം

- 'കണ്ണാടിയമ്പുകൾ' എന്ന കഥ മറ്റുള്ളവർക്ക് രസിക്കുന്ന വിധത്തിൽ ക്ലാസിൽ വായിച്ച് അവതരിപ്പിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ശാസ്ത്രകഥകൾ കണ്ടെത്താം

- ബാലമാസികകൾ, പുസ്തകങ്ങൾ എന്നിവയിൽനിന്ന് ശാസ്ത്രകഥകൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കൂ.

## ഒളിഞ്ഞിരിക്കുന്നത് ഏതെല്ലാം

- കളങ്ങളിൽ ഒളിഞ്ഞിരിക്കുന്ന രാജ്യങ്ങൾ ഏതെല്ലാം?

| | | | |
|---|---|---|---|
| അ | ഇ | ന്ത്യ | ചൈ |
| ർ | മേ | റ്റ | ന |
| ജ | പ്പാ | രി | ലി |
| ന്റീ | റാ | ൻ | ക്ക |



## പദശേഖരം

- താഴെ കൊടുത്ത വാക്കുകളുടെ അർഥം ക്ലാസിൽ ചർച്ച ചെയ്ത് എഴുതുക.

  പ്രാചീനം, അധ്വാനികൾ, സമാധാനപ്രിയർ, ദൂരദർശിനി, വിഷമ പ്രശ്നം, ബുദ്ധിശാലി, രാജസന്നിധി, അരമന, അങ്ങാടിപ്പാട്ട്, പ്രഭു, പോരാട്ടം, നിഷ്പ്രയാസം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# വസന്തം വന്നപ്പോൾ

അതൊരു വലിയ പൂന്തോട്ടമാണ്. പച്ചപ്പട്ട് വിരിച്ചതു പോലുള്ള പുല്ല്. അവയ്ക്കിടയിൽ കൊച്ചുകൊച്ചു പൂക്കൾ. തലയുയർത്തി നിൽക്കുന്ന പീച്ച് മരങ്ങൾ. പിങ്ക് നിറത്തിലുള്ള പൂക്കൾകൊണ്ട് അവ മൂടിയിരിക്കുന്നു. പൂക്കൾക്ക് ചുറ്റും പാറിക്കളിക്കുന്ന പൂമ്പാറ്റകൾ.
മൂളിപ്പറക്കുന്ന വണ്ടത്താന്മാർ. പഴങ്ങൾ തിന്ന് പാട്ടുപാടുന്ന കിളികൾ.

ഒരുദിവസം ആ പൂന്തോപ്പിന്റെ ഉടമ തിരിച്ചെത്തി. ഒരു തടിയൻ. കുറേക്കാലമായി ദൂരെ ഒരു കൂട്ടുകാരനോടൊപ്പം താമസിക്കുകയായിരുന്നു. പൂന്തോപ്പിലെ കാഴ്ച കണ്ട് അയാൾക്ക് അരിശം വന്നു. കുറേ കുട്ടികൾ അതാ അവിടെ കളിക്കുന്നു. ചെടികൾ പിടിച്ചുവലിച്ചും മരക്കൊമ്പുകളിൽ കയറിമറിഞ്ഞും അവർ തോട്ടം ആകെ നാശമാക്കിയിരിക്കുന്നു.
കോപം കൊണ്ട് അയാളുടെ കണ്ണുകൾ ചുവന്നു. കൊമ്പൻമീശ വിറച്ചു.

"ആരാണ് നിങ്ങൾ? എന്താണ് നിങ്ങൾക്കിവിടെ കാര്യം?" പരുക്കൻ ശബ്ദത്തിൽ അയാൾ അലറി. പേടിച്ചുപോയ കുട്ടികൾ പറപറന്നു.

"എന്റെ തോട്ടം എന്റേതു മാത്രമാണ്. ഒരാളും ഇവിടെ കയറി കളിക്കേണ്ട" -അയാൾ പിറുപിറുത്തു.

പൂന്തോപ്പിനു ചുറ്റും അയാൾ വലിയ മതിൽ കെട്ടി. അവിടെ എഴുതിവച്ചു:

"അതിക്രമിച്ചു കടക്കുന്നവർ ശിക്ഷിക്കപ്പെടും." അതോടെ കുട്ടികൾ പൂന്തോട്ടത്തിൽ കയറാതായി.

മഞ്ഞുകാലം കഴിഞ്ഞു. വസന്തം വീണ്ടും വന്നു. നാടു മുഴുവൻ പൂക്കൾ നിറഞ്ഞു. പൂമണം പരത്തുന്ന കാറ്റും പാടുന്ന കിളികളും വീണ്ടുമെത്തി. എന്നാൽ, ആ തോട്ടത്തിൽ അപ്പോഴും മഞ്ഞുകാലം തന്നെ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ചെടികളും മരങ്ങളും മഞ്ഞുമൂടിക്കിടപ്പാണ്. പൂമ്പാറ്റകളോ കിളികളോ അങ്ങോട്ട് തിരിഞ്ഞു നോക്കുന്നേയില്ല.

പുല്ലുകൾക്കിടയിൽനിന്ന് ഒരു കുഞ്ഞുപൂവ് പതുക്കെ തലനീട്ടി നോക്കി. "ഓ, മഞ്ഞു മാറിയിട്ടില്ല. കുറച്ചുകൂടി ഉറങ്ങാം." അത് പതിയെ തല വലിച്ചു.

മഞ്ഞിനും മൂടൽമഞ്ഞിനും ബഹുസന്തോഷമായി. "വസന്തം ഈ തോട്ടത്തെ ഒഴിവാക്കിയിരിക്കുന്നു. വർഷം മുഴുവൻ നമുക്കിവിടെ സുഖമായി കഴിയാം." അവർ ഉറപ്പിച്ചു.

മഞ്ഞ് വെളുത്ത കുപ്പായം കൊണ്ട് പുല്ലെല്ലാം മൂടിമറച്ചു. മൂടൽമഞ്ഞിന്റെ വെള്ളപ്പുകയിൽ മരങ്ങൾ മങ്ങിപ്പോയി. തണുത്ത കാറ്റ് ചൂളമടിച്ചുകൊണ്ട് അവിടെയെല്ലാം ചുറ്റിയടിച്ചു. ഇടയ്ക്കിടെ മഞ്ഞുമഴ തകർത്തു പെയ്തു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

രോമക്കുപ്പായവും കമ്പിളിപ്പുതപ്പും ഉണ്ടായിരുന്നിട്ടും തണുത്തു വിറച്ചുകൊണ്ട് തോട്ടമുടമ ഇടയ്ക്കിടെ ജനാലവിടവിലൂടെ പുറത്തേക്കു നോക്കും.
"ഈ തണുപ്പുകാലം എന്താ മാറാത്തത്? പൂക്കാലം വരാൻ വൈകുന്നതെന്താ?"

ചുറ്റുപാടുമുള്ള തോട്ടങ്ങളിലെല്ലാം വസന്തത്തിന്റെ ഉത്സവമാണ്. വസന്തത്തിന്റെ വെളിച്ചം തടിയന്റെ പൂന്തോട്ടത്തെ തിരിഞ്ഞുനോക്കിയതേയില്ല. അയാൾക്ക് പുറത്തിറങ്ങാൻ പറ്റാതെയായി. എപ്പോഴും വീട്ടിനുള്ളിൽ മൂടിപ്പുതച്ച് ഉറക്കം തന്നെ. വേറെ ഒന്നും ചെയ്യാനില്ല.

ഒരു ദിവസം രാവിലെ മധുരമുള്ള ഒരു പാട്ടു കേട്ടുകൊണ്ടാണ് അയാൾ ഉറക്കമുണർന്നത്. കിളിയുടെ പാട്ട്. എത്രയോ കാലമായി കേൾക്കാതിരുന്ന ശബ്ദം. അയാൾ ചാടി എഴുന്നേറ്റ് ജനാല തുറന്നു. പൂമണം അകത്തേക്ക് വീശി. തണുപ്പില്ലാത്ത സുഖമുള്ള കാറ്റ്. അയാൾ പുറത്തേക്കു നോക്കി.

"ഹായ്! എന്താണ് കാണുന്നത്? അവസാനം എന്റെ തോട്ടം പൂത്തല്ലോ!"

അയാൾ അവിടേക്ക് ഓടി. തോട്ടം നിറയെ പല വർണത്തിലുള്ള പൂക്കൾ. പാറിപ്പറക്കുന്ന ശലഭങ്ങളും പക്ഷികളും.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

"ങേ! മരക്കൊമ്പുകൾ നിറയെ കുട്ടികളാണല്ലോ?" അയാൾ ചുറ്റും നോക്കി. മതിലിന്റെ ഒരു ചെറിയ വിടവിലൂടെ കുട്ടികൾ അകത്തേക്ക് കടന്നുവരുന്നുണ്ട്. മരച്ചില്ലകൾ അവരെ മാടിവിളിക്കുന്നു. അവർ മരത്തിലേക്ക് ഓടിക്കയറുന്നു. പൂക്കൾ ആടിയുലയുന്നു. പച്ചപ്പുല്ലുകൾക്കിടയിൽനിന്ന് കുഞ്ഞുപൂക്കൾ തലനീട്ടി പുറത്തുവന്ന് ചിരിക്കുന്നു.

എത്ര വേഗത്തിലാണ് തോട്ടം മനോഹരമായി മാറിയത്! അയാൾക്ക് അദ്ഭുതമായി.

പെട്ടെന്നാണ് തോട്ടത്തിന്റെ അങ്ങേ മൂലയിലെ ഒരു മരം അയാളുടെ കണ്ണിൽ പെട്ടത്. അതുമാത്രം പൂത്തിട്ടില്ല. അതിന്റെ ചില്ലകളിൽ ഇപ്പോഴും മഞ്ഞിന്റെ പുതപ്പാണ്. മരച്ചുവട്ടിൽ ഒരു കൊച്ചുകുട്ടി. അവൻ മരത്തിലേക്ക് കൈനീട്ടുന്നുണ്ട്. അവന് കയറാൻ കഴിയുന്നില്ല. മരം ചില്ലകൾ താഴ്ത്തിക്കൊടുക്കുന്നു. എന്നിട്ടും അവന് പിടിച്ചു കയറാൻ കഴിയുന്നില്ല. ചാടിപ്പിടിക്കാൻ നോക്കുന്നുണ്ട്.

ആ കാഴ്ച കണ്ട് അയാളുടെ മനസ്സലിഞ്ഞു. അയാൾ ഓടിച്ചെന്ന് കുട്ടിയെ എടുത്ത് മരക്കൊമ്പിലിരുത്തി. അദ്ഭുതം! മരച്ചില്ലകളിൽനിന്ന് മഞ്ഞ് അലിഞ്ഞുപോയി. പൂക്കൾ നിറഞ്ഞു. പൂമ്പാറ്റകൾ അങ്ങോട്ട് പാറിവന്നു. കിളികൾ ചില്ലകളിലിരുന്ന് ഊഞ്ഞാലാടാൻ തുടങ്ങി.

കുട്ടി സന്തോഷത്തോടെ ഇരു കൈകളും നീട്ടി അയാളുടെ കഴുത്തിൽ ചുറ്റിപ്പിടിച്ച് കവിളിൽ ഉമ്മവച്ചു. അയാൾ പൊട്ടിച്ചിരിച്ചു. മറ്റു കുട്ടികളെ മാടിവിളിച്ചു.

"കുഞ്ഞുങ്ങളേ, ഈ തോട്ടം ഇനി നിങ്ങളുടേതാണ്. നിങ്ങളുടേത് മാത്രം" -അയാൾ ഉച്ചത്തിൽ പറഞ്ഞു. അവർ സന്തോഷത്തോടെ ഓടിയെത്തി. അയാൾ അവരോടൊപ്പം കൈകോർത്ത് നൃത്തം ചെയ്തു.

അന്നുതന്നെ ആ വലിയ മതിൽ അയാൾ പൊളിച്ചുമാറ്റി.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## പറയാം എഴുതാം

- തോട്ടമുടമയുടെ മനസ്സലിയിച്ച കാഴ്ച എന്തായിരുന്നു?
- "തടിയൻ വീട്ടിനുള്ളിൽ മൂടിപ്പുതച്ച് ഉറക്കം തന്നെ. വേറെയൊന്നും ചെയ്യാനില്ല." എന്താവാം കാരണം?
- വീണ്ടും വസന്തകാലം വന്നപ്പോൾ പൂന്തോട്ടത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വന്നത്?
- അയാളുടെ ഉദ്യാനത്തിൽ മാത്രം വസന്തം വന്നില്ല. കാരണമെന്തായിരിക്കും?

## വായിക്കാം കണ്ടെത്താം

- മനോഹരമായ ഒരു പൂന്തോട്ടത്തിന്റെ വിവരണം കഥയിലുണ്ടല്ലോ. കണ്ടെത്തി കൂട്ടുകാർക്കു വായിച്ചുകൊടുക്കുക.

### കാലമേത്?

- തണുത്തു വിറച്ചു : മഞ്ഞുകാലം
- വിയർത്തു വലഞ്ഞു : ............................................
- നനഞ്ഞു കുതിർന്നു : ............................................
- സുഗന്ധം പരത്തി : ............................................

## സംഭാഷണം എഴുതാം

- പുല്ലുകൾക്കിടയിൽനിന്ന് ഒരുകുഞ്ഞുപൂവ് പതുക്കെ തലനീട്ടി നോക്കി. "ഓ, മഞ്ഞു മാറിയിട്ടില്ല. കുറച്ചുകൂടി ഉറങ്ങാം." അത് പതിയെ തല വലിച്ചു.
  കുഞ്ഞുപൂവിനോട് പുല്ല് എന്തെല്ലാം പറഞ്ഞിട്ടുണ്ടാവാം?

KT-603/4 /Malayalam - 3, Vol-2



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## കണ്ടെത്താം എഴുതാം

അടിവരയിട്ട പദങ്ങൾക്കു പകരം വാക്കുകൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി എഴുതാം.

- പൂന്തോപ്പിലെ കാഴ്ച കണ്ട് അദ്ദേഹത്തിന് <u>ദേഷ്യം</u> വന്നു.
- തോട്ടം നിറയെ പല <u>നിറത്തിലുള്ള</u> പൂക്കൾ.
- മരം <u>കൊമ്പുകൾ</u> താഴ്ത്തിക്കൊടുക്കുന്നു.

## ഞാൻ എഴുതിയത്

താഴെ കൊടുത്ത പ്രയോഗങ്ങൾ ഉൾപ്പെടുത്തി വാക്യങ്ങൾ എഴുതാമോ?

- മൂടിപ്പുതച്ചു
- പാറിപ്പറക്കുന്ന
- പറപറന്നു

## അഭിനയിക്കാം

കോപം കൊണ്ട് അയാളുടെ കണ്ണുകൾ ചുവന്നു. കൊമ്പൻമീശ വിറച്ചു. "ആരാണ് നിങ്ങൾ? എന്താണ് നിങ്ങൾക്കിവിടെ കാര്യം?" പരുക്കൻ ശബ്ദത്തിൽ അയാൾ അലറി. പേടിച്ചുപോയ കുട്ടികൾ പറപറന്നു.

– ഈ ഭാഗം അഭിനയിക്കാമോ?

## എന്റെ സംഭാഷണരചന

| | | |
|---|---|---|
| ♦ | സന്ദർഭത്തിന് അനുസരിച്ച് സംഭാഷണം എഴുതിയിട്ടുണ്ട്. | |
| ♦ | ഒരാൾ പറയുന്നതിന്റെ തുടർച്ച എഴുതാൻ കഴിഞ്ഞിട്ടുണ്ട്. | |
| ♦ | കഥാപാത്രങ്ങളുടെ സ്വഭാവം, സ്ഥാനം തുടങ്ങിയവ പരിഗണിച്ച് എഴുതിയിട്ടുണ്ട്. | |
| ♦ | മറ്റുള്ളവർക്ക് എളുപ്പം മനസ്സിലാവുന്ന വിധത്തിൽ തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

8

# വെളിച്ചം പകർന്നവർ



മഞ്ഞുപോലെ വെളുത്ത രണ്ട് ആട്ടിൻകുട്ടികൾ തള്ളയുടെ മുമ്പിലും പിമ്പിലുമായി മുട്ടിയുരുമ്മി നടന്നു. കുട്ടികൾ വഴിതെറ്റിപ്പോകുമോ എന്ന വേവലാതികൊണ്ട് തള്ള നടത്തത്തിനു വേഗം കുറച്ചു. ഇടയൻ അവയെ നിയന്ത്രിച്ചുകൊണ്ട് പിന്നാലെ നടന്നു. ബിംബിസാരരാജാവിന്റെ യാഗശാലയിലേക്കാണ് ആ യാത്ര.

ബുദ്ധൻ ആടുകളുടെ അടുത്തെത്തി. പിന്നിൽ നടന്നിരുന്ന ആട്ടിൻകുട്ടിക്ക് മുടന്തുണ്ടായിരുന്നു. കുസൃതിക്കാരനായ ആട്ടിൻകുട്ടിയാണ് മുന്നിൽ നടന്നിരുന്നത്. ബുദ്ധൻ മുടന്തുള്ള ആട്ടിൻകുട്ടിയെ തോളിലേറ്റി. കുസൃതിക്കാരനെ തന്നോടു ചേർത്തു നടത്തി. അത് അനുസരണയോടെ അദ്ദേഹത്തോടൊപ്പം നടന്നു. യാഗത്തിൽ ബലിയർപ്പിക്കാനുള്ള ആടുകളായിരുന്നു അവയെല്ലാം.

- യാഗശാലയിലെത്തിയ ബുദ്ധൻ ബിംബിസാരനോട് എന്തെല്ലാം പറഞ്ഞിരിക്കാം?
- ആട്ടിൻകുട്ടികളോടുപോലും ദയ കാണിച്ച ബുദ്ധനെക്കുറിച്ചുള്ള കഥകൾ കണ്ടെത്തൂ, പറയൂ.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഐക്യഗാഥ

ഇമ്മരത്തോപ്പിലെത്തൈമണിക്കാറ്റിന്റെ
മർമ്മരവാക്യത്തിനർഥമെന്തോ?
എന്നയൽക്കാരനിൽനിന്നു ഞാൻ ഭിന്നന-
ല്ലെന്നങ്ങു നിന്നിതു വന്നുരയ്പൂ.
മാനത്തു വട്ടത്തിൽ പാറുമീ പക്ഷിതൻ
തേനൊലിഗ്ഗാനത്തിൻ സാരമെന്തോ?
എന്നയൽനാട്ടിൽ നിന്നെൻനാടു വേറെയ-
ല്ലെന്നതു രണ്ടും കണ്ടോതിടുന്നു.
തൻ തിരമാല തന്നൊച്ചയാലീയാഴി
സന്തതമെന്തോന്നു ഘോഷിക്കുന്നു?
ഭൂഖണ്ഡമൊന്നിനൊന്നന്യമല്ലെന്നതി-
താകവേ തൊട്ടറിഞ്ഞോതിടുന്നു.
വ്യോമത്തിൻ നിന്നിടിദുന്ദുഭി കൊട്ടിയി-
ക്കാർമുകിലെന്തോന്നു ഗർജിക്കുന്നു?
രണ്ടല്ല നാകവുമൂഴിയുമെന്നതു
രണ്ടിനും മധ്യത്തിൽ നിന്നുരയ്പൂ.

– ഉള്ളൂർ എസ്. പരമേശ്വരയ്യർ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വരികൾ കണ്ടെത്തുക

- അയൽക്കാർ തമ്മിൽ വ്യത്യാസമില്ലെന്ന് സൂചിപ്പിക്കുന്ന വരികൾ.
- "സമുദ്രം സംസാരിച്ചുകൊണ്ടേയിരിക്കുന്നു"
  എന്നു സൂചിപ്പിക്കുന്ന വരികൾ.



## വായിക്കാം പറയാം

- കാറ്റ് നമ്മോട് പറയുന്നതെന്താണ്? അങ്ങനെ പറയാൻ കഴിയുന്നത് എന്തുകൊണ്ട്?
- തിരമാല നമ്മെ എപ്പോഴും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്താണ്?
- കാറ്റ്, പക്ഷി, മേഘം എന്നിവ നമ്മോട് സംസാരിക്കുന്നത് എങ്ങനെയാണ്?
- ഭൂമിയെ സ്വർഗമാക്കാൻ എന്തൊക്കെ വേണമെന്നാണ് കവിതയിൽ പറയുന്നത്?



## പദങ്ങൾ വേർതിരിക്കാം

- ഇമ്മരത്തോപ്പിലെത്തൈമണിക്കാറ്റിന്റെ:
  ഈ – മര – തോപ്പിലെ – തൈമണി – കാറ്റിന്റെ
- തേനൊലിഗ്ഗാനം:

  ......................................................................

- ഭൂഖണ്ഡമൊന്നിനൊന്നന്യമല്ലെന്നത്:

  ......................................................................

- നാകവുമൂഴിയുമെന്നത്:

  ......................................................................



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## വിവിധ ഈണങ്ങളിൽ പാടാം

"ഇമ്മരത്തോപ്പിലലെത്തെമണിക്കാറ്റിന്റെ
മർമ്മരവാക്യത്തിനർഥമെന്തോ?"

"മാനത്തു വട്ടത്തിൽ പാറുമീ പക്ഷിതൻ
തേനൊലിഗ്ഗാനത്തിൻ സാരമെന്തോ"

"തൻ തിരമാല തന്നൊച്ചയാലീയാഴി
സന്തതമെന്തോന്നു ഘോഷിക്കുന്നു?

## ഉത്തരം കണ്ടെത്താം

- 'നമ്മളൊന്നാണ്' എന്ന് ആരൊക്കെയാണ് ഓർമ്മിപ്പിക്കുന്നത്? അത് അവർ എങ്ങനെയാണ് പറയുന്നത്? കവിവാക്യത്തെ സ്വന്തം വാക്യങ്ങളാക്കി എഴുതുക.

♦ കാറ്റ് : ..........................................................................

..........................................................................

♦ ................... : ..........................................................................

..........................................................................

♦ ................... : ..........................................................................

..........................................................................



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

- ഒത്തുചേർന്നുള്ള പാട്ടാണല്ലോ 'ഐക്യഗാഥ'. ഇവിടെ ആരൊക്കെയാണ് ഒത്തുചേരേണ്ടത്?
- 'ഐക്യഗാഥ' എന്ന കവിത നിങ്ങൾക്കു നൽകുന്ന സന്ദേശം സ്വന്തം വാക്യത്തിലെഴുതുക.



## എന്റെ പദശേഖരത്തിലേക്ക്

| | | |
|---|---|---|
| ഉരയ്ക്കുക | – | പറയുക |
| ഗാഥ | – | |
| മർമരം | – | |
| ആഴി | – | |
| സന്തതം | – | |
| ഘോഷിക്കുക | – | |
| ദുന്ദുഭി | – | |
| നാകം | – | |
| ഊഴി | – | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# മുൻപേ നടന്നയാൾ

തിരുവനന്തപുരത്തിനടുത്തുള്ള ചെമ്പഴന്തി ഗ്രാമത്തിലെ ഒരു കുടിപ്പള്ളിക്കൂടം. ചെമ്പഴന്തി മൂത്തപിള്ള ആശാനാണ് അവിടെ കുട്ടികൾക്ക് അറിവു പകർന്നു കൊടുത്തിരുന്നത്.

നിലത്തുവിരിച്ച മണലിലിരുന്ന് കുട്ടികൾ എഴുത്തും വായനയും അഭ്യസിച്ചു. അവർ പത്തുപതിനഞ്ചു പേരുണ്ടായിരുന്നു. ഓരോ കുട്ടിയുടെയും പ്രത്യേകതകൾ അറിഞ്ഞ് ആശാൻ അവർക്ക് വഴി കാട്ടി.

കുടിപ്പള്ളിക്കൂടത്തിലെ മിടുക്കനായ കുട്ടിയായിരുന്നു നാരായണൻ. അവനെ കൂട്ടുകാർ സ്നേഹത്തോടെ നാണു എന്നു വിളിച്ചു. ഗുരു ചൊല്ലിക്കൊടുത്ത പാഠങ്ങൾ നാണു പെട്ടെന്ന് പഠിച്ചുമനസ്സിലാക്കി.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എത്ര ശ്രമിച്ചിട്ടും നാണുവിന്റെ ഒപ്പമെത്താൻ മറ്റു കുട്ടികൾക്കായില്ല. ഇങ്ങനെയായാൽ എന്തു ചെയ്യും? എല്ലാവർക്കും ഒരുപോലെ പാഠങ്ങൾ ചൊല്ലിക്കൊടുക്കണമെന്നാണ് ആശാന്റെ ആഗ്രഹം. ഒരാൾ മറ്റുള്ളവരേക്കാൾ ഏറെ മുമ്പിൽ. ഇവരെ ഒരുമിച്ച് കൊണ്ടുപോകാൻ ഒക്കുമോ? ഗുരു പല വഴികളും ആലോചിച്ചു.

ആശാൻ ഇല്ലാത്ത അവസരങ്ങളിൽ നാണു സഹപാഠികളുടെ അടുത്തു ചെല്ലും. പഠിച്ചുറച്ചതെല്ലാം സ്വന്തം രീതിയിൽ അവൻ അവരെ പഠിപ്പിക്കും. അവർ പെട്ടെന്ന് കാര്യങ്ങൾ ഗ്രഹിക്കാൻ തുടങ്ങി. ആശാന് സന്തോഷമായി. അദ്ദേഹം നാരായണനെ പ്രോത്സാഹിപ്പിച്ചു. അങ്ങനെ നാണു ആ കൊച്ചുസംഘത്തിന്റെ നേതാവായി മാറി.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പഠിപ്പിച്ചു കഴിഞ്ഞ് ആശാൻ ചോദ്യങ്ങൾ ചോദിക്കും. കുട്ടികൾ ഉത്തരം പറയണം. അതാണ് അവിടത്തെ രീതി. എന്നാൽ നാരായണൻ എത്തിയതോടെ അതിനു മാറ്റം വന്നു. ഓരോന്നു പഠിപ്പിച്ചു കഴിയുമ്പോഴും നാരായണന് സംശയമുണ്ടാകും. അവൻ ആശാനോട് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കും. അദ്ദേഹം അതിനെല്ലാം മറുപടി നൽകും. കൂടുതൽ കാര്യങ്ങൾ കുറഞ്ഞ സമയം കൊണ്ട് പഠിക്കാൻ നാരായണന് ഇതിലൂടെ കഴിഞ്ഞു.

ആശാൻ മറ്റു കുട്ടികളെ ശ്രദ്ധിക്കാൻ തുടങ്ങുമ്പോൾ നാരായണൻ പുറത്തേക്കിറങ്ങും.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചുറ്റുപാടും എന്തൊക്കെയുണ്ട് കാണാനും പഠിക്കാനും! നാരായണന്റെ ജിജ്ഞാസ വർധിച്ചു തുടങ്ങി.

നാണു അവിടെയൊക്കെ ചുറ്റിനടക്കും. ഓരോന്നും നോക്കി ആലോചിച്ചു നിൽക്കും. ചുറ്റുപാടുകളിൽ നിന്ന് അവൻ എന്തൊക്കെയോ പഠിക്കുകയാണ്. മറ്റു കുട്ടികൾക്ക് നാരായണന്റെ ഈ പെരുമാറ്റം തീരെ മനസ്സിലായില്ല.

കുടിപ്പള്ളിക്കൂടത്തിലെ പഠനം അവസാനിക്കാറായി. അവൻ കൂട്ടുകാരോട് യാത്രപറയാനൊരുങ്ങി. അവർ നിറഞ്ഞ കണ്ണുകളോടെ അവനെ നോക്കി നിന്നു.

ഈ ബാലനാണ് ലോകം മുഴുവൻ ആദരിക്കുന്ന ശ്രീനാരായണഗുരുവായി വളർന്നത്. മറ്റുള്ളവരെ സഹായിച്ചും ചുറ്റുപാടുകളിൽനിന്നു പഠിച്ചും അദ്ദേഹം അറിവു നേടി. എല്ലാ മനുഷ്യരെയും ഒന്നായി കാണാൻ അദ്ദേഹം പഠിപ്പിച്ചു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ചോദ്യങ്ങൾ ചോദ്യങ്ങൾ

പാഠഭാഗം വായിച്ച് ചോദ്യങ്ങൾ നിർമ്മിക്കുക. രണ്ടു സംഘമായി തിരിഞ്ഞ് ചോദ്യങ്ങൾ ചോദിക്കുക.

## എഴുതാം

വിദ്യാർഥിയായിരിക്കുമ്പോൾ ശ്രീനാരായണഗുരുവിനുണ്ടായിരുന്ന പ്രത്യേകതകൾ എന്തൊക്കെയായിരുന്നു?

## ഒറ്റവാക്കെഴുതാം

| | | |
|---|---|---|
| കൂടെ പഠിക്കുന്ന ആൾ | : | സഹപാഠി |
| നയിക്കുന്ന ആൾ | : | ............................................................... |
| അറിയാനുള്ള ആഗ്രഹം | : | ............................................................... |

## ശേഖരിക്കാം

- ശ്രീനാരായണഗുരു നമുക്ക് നൽകിയ മഹത്തായ സന്ദേശങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം ശേഖരിച്ചെഴുതുക.
- മഹാന്മാരുടെ കുട്ടിക്കാലവുമായി ബന്ധപ്പെട്ട കഥകൾ ശേഖരിക്കുക

## സങ്കൽപ്പിച്ച് എഴുതാം

നാരായണനോട് യാത്ര പറഞ്ഞ കൂട്ടുകാരുടെ കണ്ണു നിറഞ്ഞു. ആ സന്ദർഭത്തിൽ അവർ തമ്മിൽ സങ്കടത്തോടെ എന്തെല്ലാം പറഞ്ഞിട്ടുണ്ടാവും?

## ചുമർപത്രിക തയാറാക്കാം

ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങൾ, ജീവിതാനുഭവങ്ങൾ, ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തി ചുമർപത്രിക തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## അന്നും ഇന്നും

| അന്ന് | ഇന്ന് |
|---|---|
| പനയോല ഉണക്കി മുറിച്ചെടുത്ത് എഴുതാൻ ഉപയോഗിച്ചിരുന്നു. | |
| പനയോലയിൽ എഴുത്താണി കൊണ്ടാണ് എഴുതിയിരുന്നത്. | |
| നിലത്തു വിരിച്ച മണലിൽ കുട്ടികൾ എഴുത്തും വായനയും പഠിച്ചിരുന്നു. | |
| ആശാന്റെ വീട്ടിലോ വീടിനോട് ചേർന്നോ ആയിരുന്നു കുടിപ്പള്ളിക്കൂടം. | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഖലീഫയുടെ കൊട്ടാരം

ഒരിക്കൽ ഒരു സംഘം ആളുകൾ ഖലീഫാ ഉമറിനെ കാണാൻ വന്നു. അന്യദേശക്കാരായ അവർ ഏറെ ദൂരം സഞ്ചരിച്ചാണ് അവിടെ എത്തിയത്.

അവർ ചുറ്റുപാടും ശ്രദ്ധിച്ചു. നിറയെ കൊച്ചുവീടുകൾ.

“ഇവിടെ കൊട്ടാരമൊന്നും കാണുന്നില്ലല്ലോ. നമുക്ക് വഴി തെറ്റിയതാവും” -കൂട്ടത്തിൽ ഒരാൾ പറഞ്ഞു.

“തിരിച്ചു പോയാലോ?” മറ്റൊരാൾ പറഞ്ഞു.

ഖലീഫയെ കാണാതെ അവർക്ക്





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

മടങ്ങിപ്പോകാൻ കഴിയുമായിരുന്നില്ല.

അതാ ചെറിയൊരു കൂര. മുമ്പിൽ ഒരാൾ നിൽക്കുന്നുണ്ട്. അവർ അയാളോട് ചോദിച്ചു:

“ഖലീഫാ ഉമറിന്റെ കൊട്ടാരം ഏതാണ്?”

“ ഇതാ, ഇതു തന്നെ.” അയാൾ ആ ചെറിയ വീട് ചൂണ്ടിക്കാണിച്ചു. അവർ വിസ്മയിച്ചുപോയി.

“അപ്പോൾ നിങ്ങളോ?” കൂട്ടത്തിലൊരാൾ ചോദിച്ചു.

“ഞാൻ ഖലീഫയുടെ ഭൃത്യൻ, അസ്‌ലം.”

“ഖലീഫ ഇവിടെയുണ്ടോ? ഞങ്ങൾക്ക് അദ്ദേഹത്തെ നേരിൽ കാണാൻ പറ്റുമോ?” സംഘത്തലവൻ ആരാഞ്ഞു.

“ഇല്ല. അദ്ദേഹം പതിവുയാത്രയ്ക്കായി പുറത്തു പോയിരിക്കുകയാണ്.”

“കൂടെ അകമ്പടിക്കാരും ഉണ്ടായിരിക്കുമല്ലോ?”





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

അസ്‌ലം ചിരിച്ചുകൊണ്ട് പറഞ്ഞു:

“ഇല്ല. ജനസേവനത്തിന് പോകുമ്പോൾ കൂടെ പരിവാരങ്ങൾ പാടില്ല. അതാണ് ഖലീഫയുടെ രീതി.”

“അദ്ദേഹം എപ്പോഴാണ് തിരിച്ചെത്തുക?” അവർ ആകാംക്ഷയോടെ ചോദിച്ചു.

“എവിടെ പോകുന്നുവെന്നും എപ്പോൾ തിരിച്ചുവരുമെന്നും ഉറപ്പിച്ചു പറയാൻ കഴിയില്ല.”

അസ്‌ലമിന്റെ മറുപടി കേട്ട് ഖലീഫയെ കാണാൻ വന്നവർ തിരിച്ചു നടന്നു. കുറേ ദൂരം നടന്നപ്പോൾ മ രത്തണലിൽ തളർന്നു കിടക്കുന്ന ഒരാളെ അവർ കണ്ടു. അവർ ആ മനുഷ്യന്റെ അടുത്തുചെന്നു.

“ഖലീഫാ ഉമർ ഈ വഴിയെങ്ങാൻ പോകുന്നത് നിങ്ങൾ കണ്ടോ?”

അയാൾ മെല്ലെ തലയുയർത്തി നോക്കി.

“നിങ്ങൾ എവിടത്തുകാരാണ്? എന്തിനാണ് ഇവിടെ വന്നത്?”

“ഞങ്ങൾ ഇറാഖുകാരാണ്. ഖലീഫയെ ഒന്ന് നേരിൽ കാണണമായിരുന്നു.”





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

അയാൾ എഴുന്നേറ്റു: “ഞാൻ കാണിച്ചു തന്നാൽ പോരേ?”

വന്നവർക്ക് സന്തോഷമായി. അവർ ഒപ്പം നടന്നു. ആ മനുഷ്യൻ സംസാരിച്ചുകൊണ്ടിരുന്നു:

“ഞാനിന്നൊരു തോട്ടം കണ്ടു. ചെടികൾ ആകെ ഉണങ്ങിക്കരിഞ്ഞിരിക്കുന്നു. ഞാൻ തോട്ടത്തിന്റെ ഉടമയെ ചെന്നുകണ്ടു. പാവം! വൃദ്ധനും അവശനുമാണ് അയാൾ. അതിനാൽ തോട്ടം നനയ്ക്കുന്ന ജോലി ഞാൻ ഏറ്റെടുത്തു. ആ വൃദ്ധന് എത്ര സന്തോഷമായെന്നോ!”
നടന്നുനടന്ന് അവർ ചെന്നു നിന്നത് മുമ്പു
കണ്ട ചെറിയ വീടിന്റെ മുന്നിലായിരുന്നു. നേരത്തേ കണ്ട ഭൃത്യൻ അസ്‌ലം വാതിൽക്കൽ നിൽപ്പുണ്ട്.

“വരൂ, നമുക്ക് വീട്ടിൽ കയറി ഇത്തിരി വിശ്രമിക്കാം” -വഴികാട്ടി പറഞ്ഞു.

അസ്‌ലം അദ്ദേഹത്തെ ബഹുമാനത്തോടെ എതിരേറ്റു. അവർ അദ്ഭുതത്തോടെ പരസ്പരം നോക്കി.

സംഘാംഗങ്ങൾ തമ്മിൽ പറഞ്ഞു: “ഖലീഫാ ഉമർ!”

“അതെ, ഖലീഫാ ഉമർ.” അദ്ദേഹം പുഞ്ചിരിച്ചു.







Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ഉത്തരം കണ്ടെത്താം

- നമുക്ക് വഴി തെറ്റിയതാവാം എന്ന് അന്യദേശക്കാർ പറയാൻ കാരണമെന്ത്?
- ഖലീഫാ ഉമർ വൃദ്ധനെ സഹായിച്ചതെങ്ങനെ?
- സന്ദർശകർ ഖലീഫാ ഉമറിനെ തിരിച്ചറിഞ്ഞത് എപ്പോൾ?
- ജനസേവനത്തിന് പോകുമ്പോൾ ഖലീഫ പരിവാരങ്ങളെ കൂട്ടാറില്ല. എന്തുകൊണ്ടാവാം?

## സംഭവങ്ങൾ ക്രമപ്പെടുത്തി പറയാം

- മരത്തണലിൽ കിടന്നുറങ്ങുന്നയാളോട് വിവരങ്ങൾ അന്വേഷിച്ചു.
- കൂടെയുള്ളത് ഖലീഫാ ഉമറാണെന്ന് അന്യദേശക്കാർ തിരിച്ചറിഞ്ഞു.
- അന്യദേശത്തു നിന്നു വന്നവർ കൊട്ടാരം അന്വേഷിച്ചു നടന്നു.
- അസ്‌ലം എന്ന ഭൃത്യനെ കണ്ടുമുട്ടി.
- അന്യദേശക്കാരായ ചില ആളുകൾ ഖലീഫാ ഉമറിനെ കാണാൻ വന്നു.
- അസ്‌ലം ഖലീഫാ ഉമറിനെ ബഹുമാനത്തോടെ എതിരേറ്റു.

## വിവരിക്കാം

ഖലീഫാ ഉമറിന്റെ എന്തെല്ലാം പ്രത്യേകതകളാണ് നിങ്ങൾക്ക് ഇഷ്ടമായത്? വിവരണം തയാറാക്കൂ.

## സംഭാഷണം എഴുതാം

ഖലീഫാ ഉമറിനെ തിരിച്ചറിഞ്ഞ ശേഷം കാണാനെത്തിയവർ തമ്മിൽ നടന്നിരിക്കാൻ ഇടയുള്ള സംഭാഷണം എഴുതുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കുറിപ്പ് തയാറാക്കാം

ഖലീഫയെ കണ്ടു മടങ്ങിയ ദിവസം കാണാനെത്തിയവരിൽ ഒരാൾ എഴുതിത്തുടങ്ങിയ അനുഭവക്കുറിപ്പ് പൂർത്തിയാക്കുക.

ഞങ്ങൾ ഖലീഫയെ കാണാൻ പുറപ്പെട്ടു. അദ്ദേഹം വീട്ടിലുണ്ടായിരുന്നില്ല.

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................



## എന്റെ പദശേഖരത്തിലേക്ക്

| | | |
|---|---|---|
| ഭൃത്യൻ | – | വേലക്കാരൻ |
| അകമ്പടി | – | |
| പരിവാരങ്ങൾ | – | |
| ആഗതർ | – | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## എന്റെ നാട്ടിൽ

മനുഷ്യനന്മയ്ക്കായി പ്രവർത്തിച്ചവർ നിങ്ങളുടെ നാട്ടിലും ഉണ്ടാവും. അവരിൽ ഒരാളുടെ ജീവിതത്തിലെ ഒരു സംഭവം വിവരിക്കുന്ന കുറിപ്പ് തയാറാക്കുക.

## വാർത്തകൾ ശേഖരിക്കാം

നാടിന്റെ നന്മയ്ക്കു വേണ്ടി നടത്തുന്ന പ്രവർത്തനങ്ങളുടെ വാർത്തകൾ പത്രങ്ങളിൽനിന്ന് ശേഖരിക്കുക.

അവ ക്ലാസിൽ വായിച്ചവതരിപ്പിക്കുക. ഈ വാർത്തകൾ ചേർത്ത് ചുമർപത്രിക നിർമിക്കുക.

## കഥകൾ ശേഖരിക്കാം

നന്മയുടെ സന്ദേശം നൽകുന്ന കഥകൾ ശേഖരിക്കുക.



## ഞാൻ നിർമ്മിച്ച ചോദ്യങ്ങൾ

| | |
|---|---|
| ♦ പരമാവധി ചോദ്യങ്ങൾ നിർമ്മിച്ചിട്ടുണ്ട്. | ☐ |
| ♦ പ്രധാന കാര്യങ്ങൾ ഉത്തരമായി വരുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. | ☐ |
| ♦ എന്ത്? ഏത്? എങ്ങനെ? എപ്പോൾ? തുടങ്ങിയ രീതിയിലുള്ള ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. | ☐ |
| ♦ ഞാൻ നിർമ്മിച്ച ചോദ്യങ്ങളുടെ ഉത്തരം എനിക്കറിയാം. | ☐ |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

9

# അറിയാൻ, അറിയിക്കാൻ



- കളിഫോണുണ്ടാക്കാം.
- ഉണ്ടാക്കിയ വിധം ക്ലാസിൽ അവതരിപ്പിക്കൂ.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# വാർമഴവില്ലേ...

വാർമഴവില്ലേ, വന്നാലും
വാനിൻ മടിയിലിരുന്നാലും!
കൺകുളിരുന്നു കാണുമ്പോൾ
കരൾനോവുന്നു മായുമ്പോൾ
ആരു നിനക്കീ നിറമേകീ?
ആരു നിനക്കീ നില നൽകീ?
എന്നെക്കൂടി വിളിക്കാമോ?
നിന്നുടെയരികെയിരുത്താമോ?
താഴത്തേക്കു വരുന്നില്ലേ?
തന്നെയിരുന്നാൽ മുഷിയില്ലേ?
ആരു നിനക്കൊരു കഥ പറയാൻ?
ആരുണ്ടവിടെയൊരുമ്മ തരാൻ?
വന്നു കളിപ്പാൻ കൊതി തോന്നും
നിന്നുടെകൂടെയിവനെന്നും
വാർമഴവില്ലേ മായല്ലേ!
അഴകിൻ തെല്ലേ പോകല്ലേ!

– ജി. ശങ്കരക്കുറുപ്പ്





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## കുട്ടിയുടെ ചോദ്യങ്ങൾ

കുട്ടി മഴവില്ലിനോട് ഏറെ സംശയങ്ങൾ ചോദിക്കുന്നില്ലേ? എന്തൊക്കെയാണവ?

- നിനക്ക് ആരാണ് നിറം നൽകിയത്?
- ..............................................................................
- ..............................................................................
- ..............................................................................

## കണ്ടെത്തുക

- മഴവില്ല് കാണുമ്പോൾ സന്തോഷം തോന്നുന്നു, മായുമ്പോൾ വിഷമം തോന്നുന്നു എന്നു സൂചിപ്പിക്കുന്ന വരികൾ.
- കുട്ടിക്ക് മഴവില്ലിനോടൊപ്പം പോകണമെന്ന ആഗ്രഹം സൂചിപ്പിക്കുന്ന വരികൾ.
- അമ്മയുടെ സ്നേഹം പ്രകടമാക്കുന്ന വരി.

## ഊഹിച്ചെഴുതാം

കുട്ടിയുടെ ചോദ്യത്തിന് മഴവില്ല് എന്തൊക്കെ ഉത്തരങ്ങളാവും പറഞ്ഞിട്ടുണ്ടാവുക?

## എന്റെ പദശേഖരത്തിലേക്ക്

| | | |
|---|---|---|
| അഴക് | – | |
| തെല്ല് | – | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ കണ്ട മഴവില്ല്

- നിങ്ങൾ മഴവില്ല് കണ്ട ദിവസം ഓർമ്മയുണ്ടോ? എവിടെവച്ചായിരുന്നു? എപ്പോഴായിരുന്നു? കണ്ട അനുഭവം വിവരിക്കൂ.
- മഴവില്ലിന്റെ ചിത്രം വരച്ച് നിറം കൊടുക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## പദങ്ങൾ കണ്ടെത്തുക

'മഴ' എന്ന വാക്ക് ചേർന്നു വരുന്ന പദങ്ങൾ കണ്ടെത്താം.

- മഴവില്ല്
- മഴക്കാറ്
- ...............................................
- ...............................................
- ...............................................

## മഴവില്ല് കഥ പറയുന്നു

'ആരു നിനക്കൊരു കഥ പറയാൻ' -കുട്ടി സങ്കടപ്പെടുന്നു. മഴവില്ല് കുട്ടിയോട് സ്വന്തം കഥ പറയുന്നു. ആ കഥ എന്തായിരിക്കും? എഴുതിനോക്കൂ.

## ചൊല്ലി രസിക്കാം

'വാർമഴവില്ലേ' എന്ന കവിതയ്ക്ക് ഉചിതമായ ഈണം കണ്ടെത്തി സംഘമായും ഒറ്റയ്ക്കും ചൊല്ലുക.

## പറയാം എഴുതാം

"കൺകുളിരുന്നു കാണുമ്പോൾ
കരൾ നോവുന്നു മായുമ്പോൾ"


കുട്ടിയുടെ മനസ്സിലുണ്ടാവുന്ന ചിന്തകൾ എന്തൊക്കെയാവാം?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ആകാശവാണി



പ്രിയപ്പെട്ട കൂട്ടുകാരേ,

ഞാൻ റേഡിയോ. ആളുകൾ വാർത്തകൾ അറിയാൻ പത്രങ്ങളെ മാത്രം ആശ്രയിച്ചിരുന്ന കാലത്താണ് ഞാൻ ജനിച്ചത്. വാർത്തകൾ ഏറ്റവും വേഗത്തിൽ അറിയിക്കാൻ അവർ എന്റെ സഹായം തേടി. അതിനുവേണ്ടി റേഡിയോനിലയങ്ങൾ തുടങ്ങി. അങ്ങനെ ലോകം മുഴുവൻ ഞാൻ എത്തി.


ഒരുദിവസം കഴിഞ്ഞാണ് പത്രത്തിലൂടെ വാർത്ത ലഭിക്കുന്നത്. ഞാൻ ദിവസം മൂന്നു നേരവും വാർത്തകൾ നൽകി. അതോടെ ജനങ്ങൾ എന്നിലൂടെ വാർത്തകൾ അറിഞ്ഞുതുടങ്ങി.

1947 ആഗസ്റ്റ് 14 അർധരാത്രി. ആ വാർത്ത പറഞ്ഞപ്പോൾ എന്റെ ശബ്ദം ഞാൻ പോലും അറിയാതെ ഉച്ചത്തിലായി. “ഇന്ത്യ സ്വതന്ത്രമായി... ഇന്ത്യ സ്വതന്ത്രമായി..” നമ്മുടെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു അന്ന് രാജ്യത്തോട്



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സംസാരിച്ചത് ഇപ്പോഴും ഓർത്തുപോകുന്നു:
"ലോകം ഉറങ്ങുകയാണ്. ഇന്ത്യ സ്വാതന്ത്ര്യത്തിലേക്ക് ഉണരുകയാണ്."

പിന്നെയും എത്രയെത്ര വാർത്തകൾ! നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജി വെടിയേറ്റു മരിച്ച സംഭവം എന്നിലൂടെയാണ് ലോകം ആദ്യം അറിഞ്ഞത്. വലിയ വ്യസനത്തോടെയാണ് ആളുകൾ ആ വാർത്ത ശ്രവിച്ചത്. ഞാനും തേങ്ങൽ ഉള്ളിലൊതുക്കി. മനുഷ്യൻ എവറസ്റ്റ് കീഴടക്കിയതും ചന്ദ്രനിൽ കാലുകുത്തിയതും ലോകം അറിഞ്ഞത് ഞാൻ പറഞ്ഞാണ്.
ആ വാർത്ത കേട്ടവർ കേട്ടവർ അദ്ഭുതപ്പെട്ടു. പടക്കം പൊട്ടിച്ചും നൃത്തം ചവിട്ടിയും ആഹ്ലാദം പ്രകടിപ്പിച്ചത് ഇപ്പോഴും ഓർക്കുന്നു. അപ്പോൾ സന്തോഷം കൊണ്ട് എന്റെ ഹൃദയം തുടിച്ചു.

വാർത്തകൾ എത്തിച്ചുകൊടുക്കുന്ന ജോലി മാത്രമായിരുന്നില്ല എനിക്കുണ്ടായിരുന്നത്. വിനോദവും വിജ്ഞാനവും ലഭിക്കുന്ന ധാരാളം പരിപാടികൾ ഞാൻ അറിയിച്ചിരുന്നു. കുട്ടികൾക്കു



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

മാത്രമായുള്ള പ്രത്യേക പരിപാടികൾ എനിക്ക് ഏറെ പ്രിയപ്പെട്ടതാണ്.

ദൂരത്തുനിന്നുള്ള കളികളുടെ വിശേഷങ്ങൾ അപ്പപ്പോൾ ഞാൻ കേൾപ്പിച്ചുകൊടുത്തിരുന്നു.

അങ്ങനെയാണ് ക്രിക്കറ്റും ഫുട്ബോളും ഹോക്കിയും എല്ലാവർക്കും പ്രിയപ്പെട്ട കളികളായത്. ദൃക്സാക്ഷിവിവരണം കേൾക്കാൻ കളിക്കമ്പക്കാർ തടിച്ചുകൂടിയ കാലം എനിക്ക് മറക്കാൻ കഴിയില്ല. ശ്രോതാക്കളുടെ ആരവങ്ങൾ ഇപ്പോഴും കാതിലുണ്ട്.

പാട്ടുകൾ സാധാരണക്കാർ കൂടുതൽ കേൾക്കാൻ തുടങ്ങിയത് എന്റെ വരവോടെ ആയിരുന്നു, പ്രത്യേകിച്ച് സിനിമാഗാനങ്ങൾ. പിന്നീട് സിനിമകൾ കേൾക്കാൻ തുടങ്ങി. സിനിമകൾ കേൾക്കാനോ?!! അദ്ഭുതം തോന്നുന്നുണ്ടോ? ചലച്ചിത്ര ശബ്ദരേഖ എന്നായിരുന്നു ആ പരിപാടിയുടെ പേര്.

എത്രയെത്ര നാടകങ്ങളാണ് ഞാൻ കേൾപ്പിച്ചതെന്നോ! അതു കേൾക്കാൻ ജനങ്ങൾ കൂട്ടത്തോടെ വായനശാലകൾക്കു മുമ്പിലും ചായക്കടകൾക്കു മുമ്പിലും കാത്തു നിന്നു. പണച്ചെലവു കാരണം എന്നെ സ്വന്തമാക്കാൻ പലർക്കും സാധിച്ചിരുന്നില്ല.

ഒരു വലിയ മരപ്പെട്ടിയായിരുന്നു പണ്ട് ഞാൻ. 'വാൽവ് റേഡിയോ' എന്നായിരുന്നു പേര്. പക്ഷേ, എന്റെ രൂപം പിന്നീട് ചെറുതാക്കി. 'ട്രാൻസിസ്റ്റർ' എന്നു പേരിട്ടു. ആളുകളുടെ കൈയിൽ തൂങ്ങി നടക്കുന്നത് എനിക്കും ഒരു ഗമയായി. മിക്ക വീട്ടിലും ഞാനൊരു കുടുംബാംഗമായി. കീശയിൽ കൊണ്ടുനടക്കാൻ പാകത്തിൽ പിന്നെയും ഞാൻ ചെറുതായി. 'പോക്കറ്റ് റേഡിയോ' എന്ന്





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ആളുകൾ വിളിക്കാനും തുടങ്ങി. ഇപ്പോൾ മൊബൈൽ ഫോണിലും ഞാനുണ്ട് - എഫ്. എം. റേഡിയോ.

എനിക്കൊരു സഹോദരൻ പിറന്നു. ടെലിവിഷൻ എന്നാണ് അവന് പേരിട്ടത്. ആളുകൾ അവനെ കൂടുതൽ ഓമനിക്കാൻ തുടങ്ങി. കേൾക്കുന്നതിനൊപ്പം കാണാനും കഴിയുന്ന തരത്തിൽ അവൻ വാർത്തകൾ വായിക്കാൻ തുടങ്ങിയതോടെ ആളുകളുടെ കൗതുകം കൂടിക്കൂടി വന്നു. വീട്ടിലിരുന്ന് സിനിമ കാണാനും മറ്റ് പരിപാടികൾ കണ്ട് രസിക്കാനും കഴിഞ്ഞു. ഇന്ന് ടെലിവിഷൻ ഇല്ലാത്ത വീടുകൾ കുറവാണ്. കുട്ടികൾ അതിനു മുമ്പിൽ ചടഞ്ഞിരുന്ന് പഠിക്കാതായി എന്ന പരാതി പോലും വന്നു തുടങ്ങിയിരിക്കുന്നു.

എനിക്ക് നിങ്ങളോട് ഒന്നേ പറയാനുള്ളൂ. കണ്ടാൽ മാത്രം പോരാ. കേൾക്കുകയും വേണം. കേൾക്കുന്ന കാര്യങ്ങൾ മനക്കണ്ണിൽ കാണുമ്പോഴാണ് ചിന്ത വളരുന്നത്.

എനിക്കിനിയും അനുജന്മാരുണ്ടായേക്കാം. അവർ കൂടുതൽ കേമന്മാരാവാം. അപ്പോഴും എല്ലാവരും എന്നെ ഓർമ്മിക്കും.

> "മുക്കിലിരിക്കുന്ന സുന്ദരിപ്പെണ്ണിന്റെ മൂക്കു തിരിച്ചാൽ പാട്ടു കേൾക്കാം." ആരോ എന്നെക്കുറിച്ചുണ്ടാക്കിയ കടങ്കഥയാണിത്. നിങ്ങൾക്ക് ചെവികൾ ഉള്ളിടത്തോളം കാലം നല്ല പാട്ടുകൾ കേൾപ്പിക്കാൻ ഞാനും ഉണ്ടാവും.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വായിക്കൂ, പറയൂ

താഴെ കൊടുത്തവ ശരിയോ തെറ്റോ എന്ന് പറയുക.

- റേഡിയോ വാർത്തകൾ എത്തിച്ചു കൊടുക്കുന്നു.
- റേഡിയോ, ടെലിവിഷൻ എന്നിവ ഒരേ കാലത്താണ് ഉണ്ടായത്.
- 'മുക്കിലിരിക്കുന്ന സുന്ദരിപ്പെണ്ണിന്റെ മൂക്കു തിരിച്ചാൽ പാട്ടു കേൾക്കാം' - ടെലിവിഷനെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്.
- ഇന്ത്യയിലെ റേഡിയോനിലയത്തിന്റെ പേര് 'ആകാശവാണി' എന്നാണ്.



## കണ്ടെത്തുക

- ഇന്ത്യക്ക് സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ട് നെഹ്റു ലോകത്തോടു പറഞ്ഞത് എന്തായിരുന്നു?
- "ആ വാർത്ത കേട്ടവർ കേട്ടവർ അദ്ഭുതപ്പെട്ടു." ഏതു വാർത്ത?
- റേഡിയോയിലൂടെ വാർത്തകൾ കൂടാതെ എന്തെല്ലാം കേൾക്കാൻ കഴിയും?

## മേനിപറച്ചിൽ

- ടെലിവിഷനും റേഡിയോയും കണ്ടുമുട്ടുന്നു. ടെലിവിഷൻ തന്റെ മേന്മകൾ പറയാൻ തുടങ്ങി.
  എന്തെല്ലാമായിരിക്കും ടെലിവിഷൻ പറയുന്നത്?

## കണ്ടെത്താം, വാക്യങ്ങൾ എഴുതാം

- കണ്ടവർ കണ്ടവർ : കണ്ടവർ കണ്ടവർ അദ്ഭുതപ്പെട്ടു.
- കൂടിക്കൂടി : ....................................................................
- ................................. : ....................................................................
- ................................. : ....................................................................



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വാർത്തകൾ വായിക്കുന്നത്

- ഇന്നത്തെ പത്രത്തിലെ പ്രധാന വാർത്തകളുടെ തലക്കെട്ട് എഴുതി ക്ലാസിൽ അവതരിപ്പിക്കൂ.

**വാർത്തകൾ വായിക്കുന്നത് :** ........................................................................

**പ്രധാനവാർത്തകൾ –**

♦ ..........................................................................................

♦ ..........................................................................................

## അറിയിപ്പുകൾ

- അടുത്തയാഴ്ച നടത്തുന്ന ബാലസഭാപരിപാടിയെക്കുറിച്ച് റേഡിയോ അറിയിപ്പ് അവതരിപ്പിക്കുക.

## കടങ്കഥപ്പയറ്റ്

സംഘങ്ങളായി കടങ്കഥകൾ പറഞ്ഞ് കളിക്കുക.

- ‘കോലോടു പറഞ്ഞാൽ കോളാമ്പി പറയും’:

  **മൈക്ക്**

- ‘പുറത്തു തൊട്ടാൽ അകത്ത് കിലുങ്ങും’:

  ..........................................................................................

- ......................................................................:

  ..........................................................................................



## അഭിനയിക്കാം

- ഇഷ്ടഗാനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ആകാശവാണിയിലേക്ക് ഫോൺ ചെയ്യുന്നു.
- ആവശ്യപ്പെട്ട ഗാനങ്ങൾ പാടിക്കേൾപ്പിക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കത്ത് തയാറാക്കാം

- ആകാശവാണിയിലെ 'ശിശുലോകം' പരിപാടിയിൽ നിങ്ങൾക്ക് പങ്കെടുക്കണം. അതിന് അനുവാദം ചോദിച്ചുകൊണ്ട് ഡയറക്ടർക്ക് കത്ത് എഴുതുക.



## എന്റെ പത്രവായന

- ഏതെല്ലാം മലയാളപത്രങ്ങൾ നിങ്ങൾക്ക് പരിചയമുണ്ട്?
- ഏതെല്ലാം തരം വാർത്തകൾ പത്രങ്ങളിൽ വരാറുണ്ട്?
- പത്രം കിട്ടിയാൽ ഏതുതരം വാർത്തയാണ് നിങ്ങൾ ആദ്യം വായിക്കുക?
- പത്രത്തിലെ പ്രധാനവാർത്തകൾ എഴുതിവയ്ക്കാറുണ്ടോ?
- ശേഖരിച്ച വാർത്തകൾ എവിടെയാണ് എഴുതിവയ്ക്കുക?
- എഴുതിയെടുക്കേണ്ട വാർത്തകൾ ഏതൊക്കെയെന്ന് ആരെങ്കിലും പറഞ്ഞുതരാറുണ്ടോ; ഉണ്ടെങ്കിൽ ആര്?
- പത്രത്തിൽ വരുന്ന ചിത്രങ്ങളും ഫോട്ടോകളും വെട്ടിയെടുത്ത് സൂക്ഷിക്കാറുണ്ടോ?
- ഉണ്ടെങ്കിൽ ഏതുതരത്തിലുള്ളവയാണ് ശേഖരിക്കാറുള്ളത്?
- അവ എങ്ങനെയാണ് സൂക്ഷിച്ചുവയ്ക്കാറ്?



## എന്റെ കത്ത്

| | |
|---|---|
| ♦ കത്തിൽ സ്ഥലം, തീയതി, എഴുതിയ ആളുടെ പേര് തുടങ്ങിയവ യോജിച്ച സ്ഥലത്ത് ചേർത്തിട്ടുണ്ട്. | ☐ |
| ♦ ലഭിക്കേണ്ട ആളെ സംബോധന ചെയ്തു കൊണ്ടാണ് കത്ത് തുടങ്ങുന്നത്. | ☐ |
| ♦ അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. | ☐ |
| ♦ വായിക്കുന്ന ആൾക്ക് മനസ്സിലാവുന്ന വിധത്തിൽ എഴുതിയിട്ടുണ്ട്. | ☐ |



Downloaded from https:// www.studiestoday.com